# THE CHURCH WEEKLY

Vol. VIII. | SUNDAY 24TH OCTOBER 1954 | PRICE 2 ANNAS A COPY | NO. 42

## A SOUND OF GENTLE STILLNESS

1st Kings XIX, 12.

(Father Laurence S. Jackson, M A., L Th, H C F.)

It was by the *"still small voice"* or as the variant hath it, 'a sound of gentle stillness', that the Lord revealed himself to the rugged prophet Elijah, resting in the cave at Horeb, the mount of God

Life had been full of movement and exaltation for him There had been the vindication of divine power upon Carmel, followed by the inevitable reaction, and the flight to Beersheba from the vengeance of the queen. Then there had followed the visit of the angel and the strengthening food, and now the mountain of God and the cave.

And within the cave the man of God cast himself down with turbulence in his soul. He feals that his witness has been in vain, and God meets the turbulence of the prophet's being with the strong wind followed by the earthquake and the fire. It was only when there had passed, and quietness reigned once more in the cave, that there came 'a sound of gentle stillness" which interpreted the silence and then the prophet heard the voice of God telling him what he should do

We need to learn in these days the value of silence. St Paul in his first epistle to the Thessalonians (chapter IV 11) tells us that we should "study to be quiet" And we need quietude, in order that we may commence with our Father, and receive heavenly inspiration and strength to carry out our daily duties. Elijah went forth from the cave, renewed and exhilarated. He had learned afresh that his Lord had not forsaken him: his flagging faith had been restored to its old vigour through contact with the Almighty and he had realised, as have so many of. God's children that "underneath are the Everlasting Arms." and the consciousness and that came to Elijah, will be ours also, when we seek our Lord God in the silence In his presence we shall find all that is necessary for the carrying out of our Christian profession, and the world will perceive the inner radiance of our own divine communing, as the Israelites were conscious of the shining countenance of Moses, who had spoken face to face with God, and realise that we have been with our Master.

Silence is golden, and I think one of the most precious times in the Holy Qurbana. is after the Dismissal prayers, when the priest kneels at the Altar before the curtain is closed, and recites the two appointed prayers. There is no sound and the quietness is indeed a benediction.

Paschal says: "All the evils in life have fallen upon us, because men will not sit quiet in a room" This seems somewhat remote from the hectic life of to-day, with its very planning, and the constant rushing hither and thither. Yet it is surely true to state that because we live at so great a speed, and every moment is filled with movements we cannot hear God's voice because of the wind and the earthquake and the fire. Even when we are actually doing God's work, we are so hurried and rushed that we are unable to hear God speaking to us wither we should go

But to all God's servants, there are a few precious times when like Moses and Elijah we are caught up into the presence of the Lord May I relate one little incident which so often comes to mind. I suppose it is because I resonded it, that I still remember it I was conducting a retreat in S. Peter's Chapel, Bangalore, and I was standing before the Altar at the hour of the morning sacrifice. The HOLY WORDS had been spoken, and upon the fair linen lay the Lord's Body and Blood I was about to receive the Holy mysteries, and as I worshipped and adored the Most High the voices of two servants, busy with their outward tasks broke upon the quietness. They ceased and the Chapel seemed to return to a deeper silence than before, and as I received the Blessed Sacrament in the hushed tranquillity of the house of God, there came to me, the sound of a gentle stillness and the knowledge of the presence of God and I was conscious of his strength and guidance during the days of the retreat.

How loving and condescending is the Saviour! He comes down upon the Altars of Christendom and tabernacles among men as he did at the moment of the Incarnation. Then the Holy Ghost overshadowed Mary, and she became the portal of salvation. Through that door, God the Word came to earth to work out his saving dispensations. It was the Redeemer who came to Mary: it is still the same Redeemer, who though omniscient and omnipresent comes to our earthly tables, for the same purpose; to work redemption among the children of men.

Moreover the Saviour does not scorn the humblest and lowliest meeting-house, even as he did not spurn the lowly stable at Bethlehem and the humble manger. Yet Mother Church has always tried to make the Lord's earthly taber-

അസ്സീസ്സിയിലെ ഫ്രാൻസിസ് 17

# പാതിരാത്രിക്കും പട്ടിണിയുടെ പരിദേവനം

എം. കുര്യൻ ബി. എസ്‌സി., കോതമംഗലം

സാർഡാമിയാനോയിൽ നിന്നു് വളരെ അകലെയല്ലാതെ, അസ്സീസ്സിയുടെ പ്രാന്തത്തിലുള്ള മൈതാനത്തിൽ ഇടിഞ്ഞുപൊളിഞ്ഞു കിടന്ന ഒരു പഴയ കുടിലുണ്ടായിരുന്നു. റിവോ ടോർറ്റോ എന്നാണു് ആ സ്ഥലത്തിന്റെ പേരു്. സുബേസ്യോ പർവതത്തിൽ നിന്നു ക്രലം കുത്തിപ്പായുന്ന കുല്യ ഇവിടെ ഒന്നു വളഞ്ഞൊഴുകുന്നതുകൊണ്ടാണു് സ്ഥലത്തിനു് ആ പേരു കിട്ടിയതു്. റോമിൽ നിന്നു മടങ്ങിയെത്തിയ ഫ്രാൻസിസും സഹോദരങ്ങളും മുമ്പത്തെ അനാഥക്കുടിലിൽ പാർപ്പുതുടങ്ങി.

"ഒരു കുടിലിൽ നിന്നുപോകുന്നപക്ഷം ഒരു കൊട്ടാരത്തിൽ നിന്നു പോകുന്നതിനേക്കാൾ വേഗത്തിൽ സ്വർഗ്ഗത്തിലെത്തുന്നതിനു് സാധിക്കും," ഫ്രാൻസിസ് കൂട്ടുകാരോടു പറയുമായിരുന്നു. റിവോ ടോർറ്റോ, കുഷ്ഠരോഗ സങ്കേതത്തിനു വളരെ സമീപമായിരുന്നു. ഒരു കാലത്തു ആ പരിസരങ്ങളിലേക്കെത്തിനോക്കുക പോലും നിഷിദ്ധമെന്നെണ്ണിയ പ്രഭുകുമാരൻ ഇന്നിതാ, ആ മന്ദിരത്തോടു വളരെ സമീപത്തിൽ താവളമടിച്ചിരിക്കുന്നു. ഫ്രാൻസിസും സഹോദരങ്ങളും കുഷ്ഠരോഗികളെ പരിചരിച്ചു അവർക്കുവേണ്ട ശുശ്രൂഷകൾ നിർവഹിച്ചു പോന്നു. അവരെ കുഷ്ഠരോഗികളെന്നു വിളിക്കുന്നതിനുപോലും ഫ്രാൻസിസിന്റെ മസൃണമായ ഉപചാരഭാവം അനുവദിച്ചില്ല. "നമ്മുടെ സഹോദരക്രിസ്ത്യാനികൾ" എന്നാണു ആ യുവാവു് അവരെ സംബോധന ചെയ്തുപോന്നതു്.

ആ ശൈത്യകാലം റിവോടോർറ്റോ നിവാസികൾക്കു് വളരെ ദുർവഹമായ ഒന്നായിരുന്നു. മരം കോച്ചുന്ന തണുപ്പു് സഹോദരങ്ങളെല്ലാവർക്കും സ്വാതന്ത്ര്യമായി പെരുമാറുന്നതിനു കുടിലിനുള്ളിൽ സ്ഥലമുണ്ടായിരുന്നില്ല. പലപ്പോഴും ഭക്ഷണമൊന്നും കിട്ടാതെ പട്ടിണി കിടക്കേണ്ടിവരും. കുളിരുകോരുന്ന ആ ശീത മാസങ്ങളിൽ, വയലുകളിലും കാട്ടിലും നടന്നു് സസ്യാദികളും കാട്ടുകിഴങ്ങും ശേഖരിക്കേണ്ടിവന്ന ദിവസങ്ങളും വിരളമല്ല. ദാരിദ്ര്യകുമാരിയെ അനുധാവനം ചെയ്യുന്ന മാർഗ്ഗങ്ങളിൽ നല്ല ശിക്ഷണം നൽകിയ മാസങ്ങളാണവ. കുടിലിനുള്ളിൽ എല്ലാവർക്കും സ്ഥലം മതിയാകാതിരുന്നതിനാൽ, ചില സന്ദർഭങ്ങളിൽ ഒന്നുരണ്ടുപേർ വെളിയിൽ തണുപ്പത്തു കഴിയേണ്ടിവന്നു. ഇതു മനസ്സിലാക്കിയ ഉടനെ, ഫ്രാൻസിസ് ഒരു ചോക്കുകഷണമെടുത്തു, ഭിത്തിയിൽ 12 സ്ഥാനങ്ങൾ അടയാളപ്പെടുത്തി. ഓരോന്നിലും ഓരോരുത്തന്റെ പേരെഴുതി. ഓരോ വ്യക്തിയും അവനവന്റെ സ്ഥാനത്തിരുന്നു് ഭക്ഷണം കഴിക്കുകയും പ്രാർത്ഥിക്കുകയും അവിടെത്തന്നെ ഉറങ്ങുകയും ചെയ്തുകൊള്ളണം. റിവോ ടോർറ്റോയിൽ പള്ളിയുണ്ടായിരുന്നില്ല. മാലാഖമാരുടെ മറിയം ദേവാലയം അവിടെനിന്നു് വളരെ ദൂരെ അല്ല. അന്നവർക്കു് ആരാധനാഗ്രന്ഥങ്ങളൊന്നുമുണ്ടായിരുന്നില്ല. ഹൃദിസ്ഥമാക്കിയിട്ടുള്ള ചില സങ്കീർത്തനങ്ങളും പ്രാർത്ഥനകളും ആവർത്തിച്ചു പറയുകയായിരുന്നു അന്നവർ ചെയ്തിരുന്നതു്.

ആ ശീതകാലത്തു് പ്രസംഗിക്കാൻ അവർ വെളിയിൽ പോയില്ല. കുഷ്ഠരോഗികളുടെ പരിചരണത്തിനു തന്നെ വളരെയേറെ സമയം ചെലവഴിക്കേണ്ടിവന്നു. ഇതോടൊപ്പം തന്നെ, പ്രാർത്ഥിക്കുന്നതിനും മനസ്സു് ദൈവിക ചിന്തകളിൽ പരിചയിപ്പിക്കുന്നതിനും അവർ പഠിച്ചു. ശരിയായി പ്രാർത്ഥിക്കുക വളരെയധികം സമയവും യത്നവും ആവശ്യപ്പെടുന്ന കൃത്യമാണെന്നു് അവർ മനസ്സിലാക്കി.

അക്കാലത്തു് ഫ്രാൻസിസ് മാത്രം പ്രസംഗിക്കാൻ അസ്സീസ്സിയിലേക്കു പോകും. പാപ്പായുടെ അനുവാദം ലഭിച്ചുകഴിഞ്ഞ സ്ഥിതിക്കു്, വെളിമ്പ്രദേശങ്ങളിൽ മാത്രമല്ല, പള്ളികളിൽ പോലും പ്രസംഗിക്കുന്നതിനു് ഫ്രാൻസിസിനു സാധിച്ചു. ശനിയാഴ്ച സായാഹ്നങ്ങളിൽ ആ യുവാവു് നഗരത്തിൽ പോയി, ഏതെങ്കിലും ഒരു പുരോഹിതന്റെ കൂടെ രാപാർക്കും. പിറ്റേ ദിവസം അതിരാവിലെ ജനങ്ങൾ പ്രസംഗം കേൾക്കുന്നതിനു് കത്തീഡ്രലിൽ തടിച്ചുകൂടും. പീട്രോബർണാഡനിന്റെ പുത്രനെ കത്തീഡ്രൽ ദേവാലയത്തിലെ പ്രസംഗപീഠത്തിൽ കാണുന്നതിലുള്ള സന്തോഷം മാത്രമല്ല ജനങ്ങളെ ആകർഷിച്ചതു്. ഫ്രാൻസിസ് ഒരു പണ്ഡിതനായതുകൊണ്ടുമല്ല. ആ യുവാവു് അവരുടെ ഹൃദയങ്ങളെ സ്പർശിച്ചു; സംസാരിച്ചു. തങ്ങൾ പാപികളാണെന്നും, ഇന്നത്തേക്കാൾ മെച്ചമായി ജീവിതം നയിക്കാൻ സാധിക്കണമെന്നും ആഗ്രഹിച്ച ജനതതി ആ യുവാവിൽ സഹാനുഭൂതി കണ്ടെത്തി; അദ്ദേഹം അവരെ ആകർഷിച്ചുകളഞ്ഞു. അക്കാലത്തു് പള്ളികളിൽ ഇതുപോലുള്ള പ്രസംഗങ്ങൾ വളരെ അപൂർവമായിരുന്നു താനും.

കാലാന്തരത്തിൽ, അസ്സീസ്സിനിവാസികൾ പലരിലും ഒരു പരിവർത്തനം ദൃശ്യമായി. മന്ദഗതിയിൽ നിശ്ശബ്ദമായി നടന്ന ഒരു ക്രിയയാണതു്. പ്രസംഗങ്ങളും റിവോ ടോർറ്റോയിലെ ദരിദ്രജീവിതനിദർശനവും നിഷ്ഫലമായി പരിണമിച്ചില്ല. ഫ്രാൻസിസിൽ സന്യാസിമാർ നാട്ടുകാർക്കു പരിചിതരായിക്കഴിഞ്ഞു. ഇപ്പോൾ ജനങ്ങൾ അവരെ പരിഹസിക്കുകയോ കല്ലെറിയുകയോ ചെയ്യാറില്ല. വലിയ മാററങ്ങളൊന്നും കാണത്തക്കവണ്ണം വെളിച്ചത്തു വന്നില്ലെങ്കിലും പണ്ടുണ്ടായിട്ടില്ലാത്ത ചില സംഭവങ്ങൾ അവിടവിടെ നടക്കുകതന്നെ ചെയ്തു. ന്യായരഹിതമായ മാർഗ്ഗത്തിലൂടെ ലക്ഷപ്രഭുവായ ഒരു വർത്തകൻ തന്റെ ധനത്തിലേറിയ പങ്കും പെട്ടെന്നൊരു ദിവസം ദരിദ്രർക്കു വിതരണം ചെയ്തെന്നിരിക്കും. പരസ്പരം കലഹിച്ചു കഴിഞ്ഞ രണ്ടു കുടുംബങ്ങൾ രമ്യപ്പെട്ടു സമാധാനത്തിൽ ജീവിക്കാൻ നിശ്ചയിച്ചു 'കാണും. കാലാന്തരത്തിൽ മററു പലരും സ്വത്തു വകകളെല്ലാം, വിതരണം ചെയ്തു്, ഫ്രാൻസിസിന്റെ കൂടെ താമസിക്കുവാൻ വന്നുകൊണ്ടിരുന്നു.

മിക്കപ്പോഴും പട്ടിണിയും പരിവട്ടവുമായി കഴിയേണ്ടി വന്നുവെങ്കിലും, പാർപ്പിട സൗകര്യക്കുറവും കഠിനാദ്ധ്വാനവും അലട്ടിയിരുന്നെങ്കിലും, വിറച്ചു വെറുങ്ങലിക്കുന്ന തണുപ്പിൽ ശരീരത്തിന്റെ ചൂടു നില നിറുത്താൻ പോരുന്ന വസ്ത്രങ്ങൾ പോലും കൈവശമില്ലായിരുന്നെങ്കിലും, സഹോദരങ്ങളുടെ റിവോ ടോർറ്റോ ജീവിതം ആനന്ദപ്രദമായിരുന്നു. കുഷ്ഠ രോഗി പരിചര

---

nacles, like the King's daughter' all glorious within.

A house of prayer is sacramental, for it speaks of the creator, the architect of the universe. It can be a power house, if it is used for worship and prayer. For prayer is the mightiest force in the world. In the midst of battle it can cast out fear, and "fear hath torment" as the Gospels tell us.

*(To be continued)*

ണത്തിൽ അവർ സന്തോഷം കണ്ടെത്തി. ആ ജോലി അവർ വളരെയേറെ ഇഷ്ടപ്പെട്ടു. ഫ്രാൻസിസിനോടു കൂടെ സ്നേഹത്തിന്റെ സേവന പാതയിൽ അവരെത്ര ദൂരം പുരോഗമിച്ചു വെന്നുള്ളതിന് ഇതൊരു ദൃഷ്ടാന്തമാണ്.

ഫ്രാൻസിസ് മിക്കപ്പോഴും അവർക്കൊരു മാതാവു തന്നെയായിരുന്നു. അദ്ദേഹം കൂടെയുള്ളപ്പോൾ എന്തെല്ലാം വിഷമതകളുണ്ടെങ്കിലും, അവർക്കു സന്തോഷിക്കാതിരിക്കാൻ വയ്യാ. അവരുടെ പരീക്ഷകളും പ്രയാസങ്ങളും അദ്ദേഹത്തിനു നന്നായറിയാമായിരുന്നു. സദാ അദ്ദേഹം ആശ്വാസത്തിന്റെയും പ്രോത്സാഹനത്തിന്റെയും വാക്കുകളാൽ അവരെ താങ്ങിക്കൊള്ളും. ആദ്യമാദ്യം വന്ന സഹോദരങ്ങൾ ദാരിദ്ര്യമാർഗ്ഗം പിന്തുടരുന്നതിലുള്ള തീക്ഷ്ണത കാരണം, പലപ്പോഴും അവശ്യം വേണ്ട ഭക്ഷണം പോലും കഴിക്കാതിരുന്നിട്ടുണ്ട്. ഫ്രാൻസിസ് ഇതിനവരെ അനുവദിക്കാറില്ല. തന്റെ കുടുംബത്തെ ശ്രദ്ധാപൂർവം കാത്തു പരിപാലിക്കുന്നതിൽ ഫ്രാൻസിസ് അതിയായ ഔത്സുക്യം പ്രദർശിപ്പിച്ചിരുന്നു.

ഒരു രാത്രി ഒരു സഹോദരൻ എഴുന്നേററിരുന്നു കരഞ്ഞു തുടങ്ങി, "ഞാനിപ്പോൾ മരിക്കുമേ, ഞാനിപ്പോൾ ചാകുമേ." ഉറങ്ങിക്കിടന്ന സഹോദരങ്ങളെല്ലാം ഭയപ്പെട്ടെണീററു. ഒരു മെഴുകുതിരി കത്തിച്ചു, ഫ്രാൻസിസ് തെരക്കി: "ആരാണു കരയുന്നതു്?"

"ഞാനാണ്. ഞാൻ ഇപ്പോൾ ചാകും?" ഒരു യുവ സഹോദരനാണതു്.

"എന്തിനു്? എങ്ങനെ?"

"വിശപ്പു സഹിയാഞ്ഞു, ഞാനിപ്പോൾ ചത്തു പോവും."

ശരീരത്തെ നിയന്ത്രണാധീനമാക്കുന്നതിനുള്ള ശ്രമത്തിൽ, ഫ്രാൻസിസ് ഭക്ഷണം കർശനമായി കുറവു ചെയ്തിരിക്കുമെന്നതിൽ സംശയമില്ല. ആത്മാവിനു കൂടുതൽ സ്വാതന്ത്ര്യം നൽകി, ആനന്ദാനുഭവത്തിന്റെ മൂർച്ച കൂട്ടുകയായിരുന്നു ഇതിന്റെ ലക്ഷ്യം. എന്നാൽ, ആ യുവസ്നേഹിതന്റെ രോദനം ശ്രവിച്ചയുടനെ പാത്രം നിരത്തി ഇരിപ്പുള്ള ഭക്ഷണം മുഴുവൻ വിളമ്പാൻ അദ്ദേഹം ആജ്ഞാപിച്ചു. ആ യുവാവിന്റെ മനസ്സിനെമുറിപ്പെടുത്താൻഇഷ്ടമില്ലായ്കയാൽ, അവരെല്ലാവരും ഇരുന്നു ഭക്ഷിക്കുന്നതിനു ഫ്രാൻസിസ് നിർദ്ദേശിച്ചു.

അർദ്ധരാത്രി സമയത്തു് അവർ ഭക്ഷണം കഴിഞ്ഞു് സംതൃപ്തരായി എഴുന്നേററു. ഫ്രാൻസിസ് അവരോടു ഇപ്രകാരം പറഞ്ഞു: "ഏറ്റവും പ്രിയപ്പെട്ട സഹോദരങ്ങളെ, നിങ്ങളിലോരോരുത്തരും അവനവന്റെ സ്വഭാവത്തെ ശോധന ചെയ്യണം. ശക്തനായ ഒരു സഹോദരനെക്കാൾ കൂടുതൽ ഭക്ഷണം നിങ്ങൾക്കാവശ്യമെന്നു കണ്ടാൽ, എടുത്തുകൊള്ളണം. സ്വയവർജ്ജനം അമിതമായി പോകാതെ സൂക്ഷിച്ചുകൊള്ളുക. ത്യാഗത്തെക്കാൾകരുണയാണ് നമ്മുടെ കർത്താവിനു്ഏറെയിഷ്ടം. മാത്രമല്ല ശരീരമാകുന്ന നമ്മുടെ സഹോദരനെ നാം കാര്യമായി ശുശ്രൂഷിക്കേണ്ടിയിരിക്കുന്നു. അല്ലാത്ത പക്ഷം, വിഷാദ ചിന്ത പിടിപ്പെട്ടു് അതു നമ്മെ വലിച്ചിഴയ്ക്കാൻ തുടങ്ങും. പ്രാർത്ഥനയിലും പ്രവർത്തനത്തിലും അതു നമ്മോടു സഹകരിക്കണമെന്നു നാമാഗ്രഹിക്കുന്നെങ്കിൽ, അതു അസംതൃപ്തമായി പിറുപിറുക്കുന്നതിനു ന്യായമായ യാതൊരു കാരണവും നാം ഉണ്ടാക്കിക്കൂടാ. നേരേ മറിച്ച് ന്യായമായ ഭക്ഷണം കൊടുത്തു കഴിഞ്ഞിട്ടും അതു മുറുമുറുക്കാൻ തുടങ്ങുന്ന പക്ഷം, ആ മടിയൻ മൃഗത്തിനു കടിഞ്ഞാണിടുകതന്നെ വേണം.

പ്രായം ചെന്ന ഒരു സഹോദരനു് ഉപവാസം വളരെ പ്രയാസമായിത്തീർന്നു. ഉപവസിക്കത്തക്ക ആരോഗ്യം അയാൾക്കില്ലായിരുന്നു. ഫ്രാൻസിസിനു കഷ്ടം തോന്നി. ഒരു ദിവസം അതിരാവിലെ അയാളെ ഉണർത്തി ഫ്രാൻസിസ് പുറത്തേക്കു നടന്നു. ഇരുവരും അടുത്തുള്ള മുന്തിരിത്തോട്ടത്തിൽ പ്രവേശിച്ചു. ഫ്രാൻസിസു ഒരു ചില്ലിയിൽനിന്നു കുറേ കുലകൾ അടർത്തിയെടുത്തു, ഒരു മരത്തിൻ ചുവട്ടിലിരുന്നു, തിന്നാൻ തുടങ്ങി. തന്റെ കൂടെ മുന്തിരിങ്ങാ തിന്നുന്നതിനു പ്രായമായ ആ സ്നേഹിതനോടാജ്ഞാപിച്ചു. ജീവാവസാനം വരെ ഈ കഥ നിറഞ്ഞ കണ്ണുകളോടെയല്ലാതെ പറയാൻ ആ വൃദ്ധസഹോദരനു സാധിച്ചിരുന്നില്ല.

ദാരിദ്ര്യത്തോടുള്ള കൂറ്—ഇക്കാര്യത്തിൽ അങ്ങേയററത്തെ നിഷ്ഠ പാലിക്കണമെന്നതിൽ ഫ്രാൻസിസ് നിർബന്ധം കാണിച്ചിരുന്നു. അതിനദ്ദേഹം വളരെ പ്രാധാന്യം കല്പിച്ചു. ഫലിതരസംകൊണ്ടു അതിന്റെ മൂർച്ച ചിലപ്പോൾ മയപ്പെടുത്തിയിരുന്നെങ്കിലും, അതിനൊരു അയവും വരുത്താൻ അദ്ദേഹം തയ്യാറല്ലായിരുന്നു. റിവോ ടോർറേറായിൽ ഒരു പുതിയ സഹോദരൻ വന്നു "കുറച്ചു പ്രാർത്ഥിക്കുകയും ഏററവും കുറച്ചു പ്രയത്നിക്കുകയും ബുഭുക്ഷയോടെ ഭുജിക്കുകയും" ചെയ്യുന്ന ഒരു വ്യക്തി. നവാഗതനെ സൂക്ഷ്മമായി നിരീക്ഷിച്ചപ്പോൾ, അയാളൊരു ഭക്ഷണപ്രിയനാണെന്നു വ്യക്തമായി. ഒരു ദിവസം നല്ലൊരു ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന വേളയിൽ ഫ്രാൻസിസ് അയാളോടു പറഞ്ഞു: "സഹോദരാ, നിന്റെ സഹോദരങ്ങളുടെ പ്രയത്നഫലമാണ് നീ ആഹരിക്കുന്നതു്. മടിയനും ഫലശൂന്യനുമായ ഏതോ ഈച്ചയെപ്പോലെ, നീ ദൈവത്തിനുവേണ്ടി പ്രവൃത്തിയെടുക്കുന്നതിൽ അലസനാണ്. നീ നിന്റെ വഴിക്കു പൊയ്ക്കൊള്ളുക." നിഷ്കാസനം ചെയ്യുന്ന കൽപ്പനയായിരുന്നു അതു്. ആ തീററിക്കൊതിയനായ സഹോദരനു കാര്യം മനസ്സിലായി. അയാളുടൻ സ്ഥലം വിട്ടു.

റിവോ ടോർറേറായിലെജീവിതം കലർപ്പില്ലാത്ത ആനന്ദത്തിന്റെദിവസങ്ങളായിരുന്നു. ഗാഢമായി ഉററബന്ധമുള്ള ഏകോദരസഹോദരങ്ങളെപ്പോലെ ഒരു കുടുംബമായി, അവരവിടെ കഴിഞ്ഞുപോന്നു. കാളിമയുടെ ലേശംപോലും കലരാത്ത ആനന്ദത്തിന്റെ വസന്തമായിരുന്നു അതെന്നു പറയാം. ഇത്രമാത്രം ഉററബന്ധവും കെട്ടുറപ്പും ആ കുടുംബത്തിനു് പിന്നീടൊരിക്കലും അനുഭവപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നില്ല. ഫ്രാൻസിസിന്റെ സമൂഹത്തിലെ ആദ്യജാതന്മാരായ ഏതാനും പേരാണ് കുടുംബാംഗങ്ങൾ. സന്തുഷ്ടികലർന്ന ഒരു സംഘം സഹോദരങ്ങൾ. ബർണാർഡും പീറററും സിൽവെസ്റ്ററും ഗൈൽസും അക്കൂട്ടത്തിലുണ്ട്. തന്റെ സമൂഹംതന്നെപരിത്യജിച്ച നിമിഷത്തിലും വിട്ടുപിരിയാതെ തന്റെകൂടെ നിന്നവരെയെല്ലാം റിവോടോർറേറായിൽ കാണാം. ലിയോ, ഏഞ്ജലോ, റൂഫിനോ എന്നിവർ ആ കൂട്ടത്തിലുണ്ട്. ഫ്രാൻസിസിന്റെ മരണശേഷം, അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ കലർപ്പു ചേരാതെ സൂക്ഷിക്കുന്നതിനുവേണ്ടി, ദുർവ്യാഖ്യാനങ്ങളിൽ നിന്നു് അവ രക്ഷിക്കുന്നതിനുവേണ്ടി, പാടുപെട്ടു പ്രയത്നിക്കുകയും എഴുതി സൂക്ഷിക്കുകയും ചെയ്ത ലേഖകന്മാരും അക്കൂട്ടത്തിലുണ്ട്. "ഞങ്ങൾ അദ്ദേഹത്തോടൊന്നിച്ചുണ്ടായിരുന്നു; ഞങ്ങൾക്കറിയാം" എന്നവർ അനേകം പ്രാവശ്യം പ്രഖ്യാപനം ചെയ്യുകയുണ്ടായിട്ടുണ്ട്.

നിഖ്യാവിശ്വാസപ്രമാണം: 4

# പിതാവായ ദൈവം

(റവ. ഡീക്കൻ. എം. വി. ജോർജ്ജ് എം. എ. എസ്. ടി. എം.)

നിഖ്യാ വിശ്വാസപ്രമാണത്തിന്റെ ആദ്യവാക്കായ "പിതാവായ" എന്ന പദം ദൈവത്തിന്റെ നിത്യസ്വഭാവത്തെ വെളിപ്പെടുത്തുവാൻ ഏററവും പര്യാപ്തമായ ഒന്നത്രെ. നമ്മുടെ കർത്താവു തന്റെ ശ്ലീഹന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചപ്പോൾ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നഭിസംബോധന ചെയ്യുവാൻ ആവശ്യപ്പെട്ടുവല്ലൊ. പഴയ നിയമത്തിൽ അങ്ങിങ്ങായി മാത്രം കാണുന്ന ദൈവം പിതാവാണെന്നുള്ള വിശ്വാസം (ആവ 32: 6; യശ 63-16) പുതിയനിയമത്തിന്റെ കേന്ദ്രമാക്കിയതു യേശുമിശിഹാ ആണ്. ദൈവം ഇടക്കു പിതാവായിത്തീർന്ന ഒരുവനല്ല. പിന്നെയോ തന്നിൽ തന്നെ നിത്യനായി പിതാവായി സ്ഥിതി ചെയ്യുന്നവനത്രേ. ഈ ദൈവപിതൃത്വത്തിന്റെ വെളിപാടാണ് യേശുക്രിസ്തുവിന്റെ നിത്യപുത്രത്വം. യേശുക്രിസ്തു നിത്യപുത്രനല്ലെങ്കിൽ ദൈവവും നിത്യപിതാവല്ല. ദൈവം നിത്യപിതാവല്ലെങ്കിൽ തന്റെ പിതൃത്വത്തിന് അർത്ഥമില്ലല്ലൊ. 'സ്വർഗ്ഗത്തിലും ഭൂമിയിലും സകല കുടുംബത്തിനും പേർ വരുവാൻ കാരണമായ പിതാവ്' എന്ന എഫേസ്യ ലേഖന കർത്താവ് (എഫേ 3. 14—15) പറഞ്ഞിരിക്കുന്നതു് വളരെ അർത്ഥഗർഭമത്രെ. മനുഷ്യന്റെ പിതൃത്വത്തിൽ നിന്ന് ഊഹിച്ചെടുത്തതല്ല ദൈവത്തിന്റെ പിതൃത്വം; പിന്നെയോ സകല പിതൃത്വത്തിന്റെയും കാരണഭൂതൻ പിതാവായ ദൈവമാണ്.

പിതാവായ ദൈവവും പുത്രനായ ദൈവവും പരിശുദ്ധാത്മാവാകുന്ന ദൈവവും സ്നേഹാധിക്യത്തിൽ മൂന്നല്ല ഒന്നാണ്. എന്നാൽ മൂന്നു ആളത്വങ്ങൾ നിത്യമായിത്തന്നെ തന്നിൽ സ്ഥിതി ചെയ്യുന്നു. ദൈവം തന്നിൽ തന്നെ ഏകാന്തനല്ല പിന്നെയോ സമൂഹത്തിന്റെ ധന്യതയും പ്രവർത്തനത്തിന്റെ പൂർണ്ണതയും ജീവന്റെ ഉറവയുമായി ത്രിയേകനായി സ്ഥിതിചെയ്യുന്നു. [God in the power of His eternal Fatherhood wills to be also our Father (karl Barth)] തന്റെ പുത്രനിൽ തനിക്കു സകലവും ഉണ്ടായിരുന്നു എങ്കിലും അവനെ അനേകപുത്രന്മാർക്കു ആദ്യജാതനാക്കുവാനും അങ്ങനെ അതിനായിട്ട് നമ്മെ എല്ലാവരെയും സൃഷ്ടിപ്പാനും തനിസ്സ തിരുമനസ്സായി. "തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ജീവശക്തി ജീവനും ഭക്തിക്കും വേണ്ടിയതൊക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലൊ (2 പത്രോസ് 1:3). സൃഷ്ടിയല്ലാത്ത ദൈവപുത്രൻ യേശുക്രിസ്തു മാത്രം. സൃഷ്ടികളായ നാം അവനിൽക്കൂടി മാത്രം ദൈവമക്കളാകുന്നു. സ്വന്തദൈവത്താൽ പുത്രത്വം അവകാശപ്പെടുവാൻ യാതൊരു സൃഷ്ടിക്കും അവകാശമില്ല. അവന്റെ പിതൃസ്നേഹത്തിനു അന്തമില്ലാത്തതിനാലും പുത്രന്റെ മരണത്താലും ഉയർത്തെഴുന്നേല്പിനാലും നമ്മെമക്കളാക്കിയിരിക്കുന്നതിനാൽ മാത്രമാണു നമുക്കു പുത്രത്വം ലഭിച്ചിരിക്കുന്നതു്. താൻ ഉയർത്തെഴുന്നേററതിനു ശേഷം മാത്രമാണു താഴെപ്പറയുന്ന അർത്ഥവത്തായ വാചകം അരുളിച്ചെയ്തതു്. "ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല. എങ്കിലും നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്നു എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായിരിക്കുന്നവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു എന്നു് അവരോടു പറക എന്നു പറഞ്ഞു. (യോഹന്നാൻ 20: 17) (മൂലഭാഷയിൽ നോക്കുക.) യേശുക്രിസ്തുവിന്റെ സഹോദരന്മാരാകുന്നതിനാൽ ആണു നാം യഥാർത്ഥത്തിൽ ദൈവത്തിന്റെ മക്കളമായിത്തീരുന്നതു്. ദൈവസാദൃശ്യത്തിൽ നമ്മെ സൃഷ്ടിച്ചിരിക്കുന്നതിനാൽ പുത്രത്വസാദ്ധ്യതയുണ്ടെങ്കിലും അതിന്റെ പൂർത്തീകരണം ക്രിസ്തുവിൽ കൂടി മാത്രമേ ലഭിക്കുന്നുള്ളു. "അവനെ കൈക്കൊണ്ടു് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു." (യോഹന്നാൻ 1: 12). [Although we are potential children of God by his creative act, we become His actual children only by responding to His redemptive act]. ഒരു കോഴിമുട്ടയിൽ കോഴിക്കുഞ്ഞു ഉണ്ടെന്നു പറയാമെങ്കിലും യഥാർത്ഥ കോഴിക്കുഞ്ഞു ഉണ്ടാകുന്നതു മുട്ടയിൽനിന്നു പുറത്തേക്കുള്ള ഒരു വീണ്ടുംജനനത്താൽ മാത്രമാകുന്നുവല്ലൊ. സ്രഷ്ടാവായ യേശുക്രിസ്തു തന്നെയാണു വീണ്ടെടുപ്പുകാരനായിട്ടു കൂടി വന്നിട്ടു തന്റെ സൃഷ്ടിയുടെ പൂർത്തീകരണം സാധിച്ചതു്. പിതാവായ ദൈവത്തിന്റെ സ്നേഹത്തിന്റെ പരമകാഷ്ഠയായിരുന്ന തന്റെ പുത്രനിൽ കൂടിയുള്ള വീണ്ടെടുപ്പിന്റെ യാഗത്തിൽ കൂടെ ലോകത്തിനു രക്ഷാമാർഗ്ഗമുണ്ടാക്കിയതു്.

ദൈവരാജ്യം അഥവാ സഭ എന്ന കുടുംബത്തിന്റെ ജനയിതാവും പരിപാലകനും പൂർത്തീകരകനും ഈ പിതാവായ ദൈവംതന്നെയാണ്. പിതാവിന്റെ പ്രവർത്തനത്തിൽ പുത്രനും പുത്രന്റെ പ്രവർത്തനത്തിൽ പിതാവിനും അനുസ്യൂതമായ ചേർച്ചയുണ്ടു്. "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വവും ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനവും" എന്നു മാലാഖമാർ പാടിയ ക്രിസ്തുവിന്റെ ജനനോദ്ദേശ്യം തന്റെ സഭയിൽ കൂടിയാണ് സാധിതപ്രായമാകുന്നതു്. ക്യൂൻ എലിസബേത്തിന്റെ അരുമസന്താനമായ വെറും നാലു വയസ്സുള്ള ആലീസ് രാജകുമാരിയോടു് ഒരിക്കൽ, നീ ആരാണ് എന്നു ചോദിച്ചപ്പോൾ "ഞാൻ ആരുമല്ല. എന്നാൽ എന്റെ മാതാവ് ഇംഗ്ലണ്ടിലെ രാജ്ഞിയാണ്. (I am nobody but my mother is Queen Elizabeth) എന്നു മറുപടി പറഞ്ഞതുപോലെ ഓരോ ക്രിസ്ത്യാനിക്കും പറയുവാനുള്ളതു "ഞാൻ അപ്രധാനിയാണെങ്കിലും ദൈവം എന്റെ പിതാവാണെ"ന്നുള്ളതത്രെ. ഇതിനേക്കാൾ സന്തോഷാവഹമായ ഒരു സംഗതി ഒരു ക്രിസ്ത്യാനിക്ക് വേറെയില്ല. ലോകം മുഴുവൻ എന്റെ പിതാവിന്റേതാണല്ലൊ.

This is my Father's world
And to my listening ears,
All nature sings, and round
me rings
The music of shepherds.
This is my Father's world
I rest me in the thought
Of rocks and trees, of skies
and Seas.
His hand the wonders
wrought.

നിഖ്യാവിശ്വാസപ്രമാണം അനുദിനം ചൊല്ലുന്ന ക്രിസ്ത്യാനികളായ നാം പിതാവായ ദൈവം എന്നു് ഏററുപറയുമ്പോൾ അവന്റെ സ്നേഹാധിക്യ

ത്തെയും കരുതലിനേയും മാത്രമല്ല പിന്നെയോ നാം പരസ്പരം സഹോദരങ്ങളാണെന്നു കൂടിയാണ് ഏറ്റുപറയുന്നത്. [Without the Fatherhood of God there is do brotherhood of man.] പരസ്പരം സഹോദരങ്ങളെപ്പോലെ മനുഷ്യജാതി വർത്തിക്കണമെങ്കിൽ എല്ലാവരും ഒരേ അപ്പന്റെ മക്കളും ഒരപ്പത്തിന്റെ അവകാശികളുമായിത്തീരണം. അങ്ങനെ ഭൂലോകത്തെ മുഴുവനും യേശുക്രിസ്തുവിൽ പിതാവിനോടു നിരപ്പിപ്പാൻ സഭാമക്കളായ എല്ലാവർക്കും ഒരു വലിയ കടപ്പാടുണ്ടു്.

"ഞാൻ എന്റെ പിതാവിനുള്ളവയിലുളളിരിക്കേണ്ടതാണെ" (ലൂക്കോ 2:49) എന്ന വാചകമാണല്ലൊ തിരുവചനത്തിൽകാണുന്ന യേശുമിശിഹായുടെ ആദ്യവചനം. തന്റെ ഐഹിക ജീവിതത്തിന്റെ അവസാനവചനവും "പിതാവെ, ഞാൻ എന്റെ ആത്മാവിനെ തൃക്കൈയിൽ ഏല്പിക്കുന്നു" (ലൂ 23: 46) എന്നുള്ളതായിരുന്നുവല്ലൊ. വിശുദ്ധ യോഹന്നാന്റെ സുവിശേഷം 17—ാം അദ്ധ്യായത്തിൽ കാണുന്ന തന്റെ മഹാപുരോഹിത പ്രാർത്ഥനയിലും "പിതാവെ" "പരിശുദ്ധ പിതാവെ" "നീതിയുള്ള പിതാവെ" എന്നിങ്ങനെ മാത്രമാണ് ദൈവത്തെ അഭിസംബോധന ചെയ്തിരിക്കുന്നതു്. എല്ലാററിലും പിതാവിന്റെ ഇഷ്ടം നിവൃത്തിക്കണമെന്നുള്ളതിൽകവിഞ്ഞ ഒരാഗ്രഹം തനിക്കില്ലായിരുന്നു. അപ്രകാരമുള്ള ഒരു ബന്ധം നമുക്കും ദൈവത്തോടുണ്ടായാൽ നാം ധന്യരിൽ ധന്യരായി. തന്റെ നിത്യപുത്രനിൽ കൂടി "അബ്ബാ, പിതാവെ, എന്നു വിളിക്കുന്ന പുത്രത്വത്തിന്റെ ആത്മാവിനെ" ലഭിച്ചവർക്കു മാത്രമെ നിഖ്യാവിശ്വാസപ്രമാണം യാഥാർത്ഥ്യത്തോടുകൂടി ചൊല്ലുവാൻ സാധിക്കൂ. വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു" (ഗലാ 3. 26)

പിതാവായ ദൈവത്തിൽ വിശ്വസിക്കുന്ന സഭ ത്രിത്വനാമത്തിൽ പുറജാതികളെ സ്നാനപ്പെടുത്തി സഭയോടു ചേർക്കുവാൻ ബാദ്ധ്യസ്ഥരാണ്. (മത്താ. 28. 19) "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ" (2 കൊരി 11. 31) അവനിൽ ഞാൻ വിശ്വസിക്കുന്നു; മററുള്ളവരും വിശ്വസിക്കണമെന്നാഗ്രഹിക്കുന്നു. അവൻ എനിക്കുവേണ്ടികരുതുന്നു. എന്റെ നിത്യപിതാവുതന്നെ. എന്റെ അപ്പനും

അമ്മയും എന്നെ കൈവിട്ടാലും അവൻ കൈ വിടുകയില്ല. "പിതാവായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു."

യുവജനപംക്തി. 3

# സഭയും വേദപുസ്തകവും

സഭയും പുതിയ നിയമവുമായി അഭേദ്യമായ ബന്ധമുണ്ടെന്നുള്ളതു് നാം മനസ്സിലാക്കിയിരിക്കണം. സഭയാണ് ആദ്യമുണ്ടായതെന്നു നാം കണ്ടുവല്ലോ. പിന്നീടു കാലാന്തരത്തിൽ ദൈവികവചനങ്ങൾ എഴുതപ്പെടേണ്ട ആവശ്യം വന്നപ്പോൾ അപ്പോസ്തോലന്മാരും അവരുടെ ഏററവും അടുത്ത ശിഷ്യന്മാരും സഭയ്ക്കുവേണ്ടി വിവിധപുസ്തകങ്ങൾ രചിക്കുകയുണ്ടായി. ഇങ്ങനെ എഴുതിയവർ പരിശുദ്ധാത്മാവിന്റെ വെറും ഉപകരണങ്ങളെന്ന നിലയിലല്ല എഴുതിയതെന്നും പരിശുദ്ധാത്മ നിശ്വാസത്തോടുകൂടി തങ്ങളുടെ അനുഭവവും അളത്വവും വച്ചുകൊണ്ടാണ് എഴുതിയതെന്നും നാം മനസ്സിലാക്കിക്കഴിഞ്ഞു. ഇങ്ങനെ എഴുതപ്പെട്ട പുസ്തകങ്ങളെ സഭ അംഗീകരിച്ചു വേദങ്ങളായി സ്വീകരിച്ചു. അവയെ അംഗീകരിക്കമാത്രമല്ല അവയെ പരിരക്ഷിക്കയും വ്യാഖ്യാനിക്കുകയും ചെയ്തിരുന്നതും സഭയാണ്. സഭ ക്രമമായി ആരാധനയിൽ അവയെ ഉപയോഗിക്കയും സഭയുടെക്കൂട്ടായ്മയിൽ പരിശുദ്ധമായ ജീവിതം നയിച്ചിരുന്ന ബിഷോപ്പന്മാരും ഉപദേഷ്ടാക്കന്മാരും അവയെ വ്യാഖ്യാനിക്കുകയും ചെയ്തു. അതുകൊണ്ടു വേദപുസ്തകവ്യാഖ്യാനം സംബന്ധിച്ചു ഒരു പാരമ്പര്യം തന്നെ സഭയിലുണ്ടായി. ഇങ്ങനെ ഓരോ കാലഘട്ടത്തിലും വേദപുസ്തകം വേണ്ടവിധം ഗ്രഹിക്കുന്നതിനു സഹായകമായ അനേക വ്യാഖ്യാന പുസ്തകങ്ങളും ഉണ്ടായിട്ടുണ്ടു്.

വിദ്യാ സമ്പന്നത വേദപുസ്തകം ശരിയായി വ്യാഖ്യാനിക്കുവാനുള്ള ഒരു മാനദണ്ഡമായി സ്വീകരിക്കാവുന്നതല്ല. ക്രിസ്തുമതത്തിന്റെ ആന്തരികമായ അർത്ഥം ഗ്രഹിക്കാത്ത യാതൊരു വാഗ്മിക്കും നേർവഴിക്കു നമ്മെ നടത്തുവാൻ സാദ്ധ്യമല്ല. അപ്പോസ്തോലന്മാർ ജീവിച്ചിരുന്നതുപോലെ ഒരു കൂട്ടായ്മയുടെ അനുഭവത്തിൽ ജീവിക്കാതെ അവരുടെ അനുഭവങ്ങളെ വ്യാഖ്യാനിക്കുവാൻ സാദ്ധ്യമല്ലല്ലൊ. പുതിയനിയമംപോലെയുള്ള ഒരു ചരിത്ര പുസ്തകത്തെ അതിൽ നിന്നും ലഭിക്കുന്ന പ്രചോദനം സജീവമായ ഒരു പാരമ്പര്യമായി പരിരക്ഷിക്കാത്ത ഒരു സമുദായം വ്യാഖ്യാനിക്കുവാൻ ശ്രമിക്കുന്നുവെങ്കിൽ ഏററവും ചരിത്ര വിരുദ്ധമായ ഒരു സംരംഭമായിരിക്കുമതു്. എന്നാൽ ഇതാണ് കഴിഞ്ഞ കാലങ്ങളിൽ സംഭവിച്ചിട്ടുള്ളതു്. വേദപുസ്തകത്തെക്കുറിച്ചു പ്രൗഢമായ അനേക ഗ്രന്ഥങ്ങളും തൽഫലമായി ഉണ്ടായിട്ടുണ്ടു്. വേദപുസ്തകം വേണ്ടവിധം മനസ്സിലാക്കുന്നതിനു യാതൊരു വിധത്തിലും അവ പ്രയോജനപ്പെടുന്നില്ല.

വേദപുസ്തകം ഒരുവന്റെ കയ്യിൽ കൊടുത്താൽ മതി, സഭയുടേയോ വ്യാഖ്യാനത്തിന്റേയോ സഹായംകൂടാതെ തന്നെ രക്ഷയ്ക്കുള്ള മാർഗ്ഗം അവൻ കണ്ടുപിടിച്ചുകൊള്ളുമെന്നു വിശ്വസിക്കുന്ന ചില ആളുകളുണ്ടു്. ഈ മാർഗ്ഗത്തിൽക്കൂടി അനേകർ ക്രിസ്തുവിങ്കലേയ്ക്കു നയിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതു വാസ്തവമാണ്. എന്നാൽ വേദപുസ്തകത്തിന്റെ രക്ഷാകർത്തൃത്വം സ്ഥിതിചെയ്യുന്ന സഭയുടെ അംഗങ്ങളായി തീർന്നാലെ ക്രിസ്ത്യാനികളായതുമൂലമുള്ള പൂർണ്ണപ്രയോജനം അവർക്കു ലഭിക്കയുള്ളൂ. അപ്പോൾമാത്രമേ വേദപുസ്തകത്തിന്റെ ശരിയായ അർത്ഥം ഗ്രഹിക്കുവാൻ സാദ്ധ്യമാകയുള്ളൂ. മാത്രമല്ല ഒരു പരമാർത്ഥം നാം മറന്നുകളയരുതു്. ആരുടെയുംസഹായം കൂടാതെ വേദപുസ്തകം വായിച്ചു വെളിച്ചം കിട്ടിയിട്ടുള്ളവരെപ്പോലെ തന്നെ വേദപുസ്തകം തുറന്നു വായിച്ചിട്ടു് വ്യാഖ്യാനിച്ചുകൊണ്ടിരിക്കുവാൻ ആളില്ലാതെവരുന്നതു മൂലം യാതൊന്നും മനസ്സിലാകാതെ അതിനെ വലിച്ചെറിഞ്ഞു പിൻതിരിഞ്ഞു പോകുന്നവരുടെയും സംഖ്യ ഒട്ടും കുറവല്ല. അതുകൊണ്ടു വേദപുസ്തകം കൊടുക്കുന്നതിനോടൊപ്പംതന്നെ അതു മനസ്സിലാക്കുവാനവരെ സഹായിക്കയും ജീവനുള്ള സഭയുടെ കൂട്ടായ്മയിലേയ്ക്കു അവരെ നടത്തുകയും ചെയ്യേണ്ടതാണ്. സത്യവിശ്വാസത്തിന്നനുസരണമായ വ്യാഖ്യാനങ്ങൾ സാധാരണ ജനങ്ങൾക്കു വായിച്ചു മനസ്സിലാക്കുവാൻ തക്കവണ്ണം നമ്മുടെ മാതൃഭാഷയിൽ വളരെയധികമില്ലെന്നുള്ളതു പരിഹരിക്കപ്പെടേണ്ട ഒരു കുറവായി ഇന്നും സ്ഥിതിചെയ്യുന്നതേയുള്ളൂ. ആവശ്യമായ പരിശീലനം സിദ്ധിച്ചവരെ മാത്രമേ പട്ടത്വപദവിയി

(ശേഷം 10—ാം പേജിൽ)

## വാരപഞ്ചാംഗം

ഒക്ടോബർ തുലാം

| | ഒക്ടോബർ | തുലാം |
|---|---|---|
| ഞായർ | 24 | 7 |
| തിങ്കൾ | 25 | 8 |
| ചൊവ്വാ | 26 | 9 |
| ബുധൻ | 27 | 10 |
| വ്യാഴം | 28 | 11 |
| വെള്ളി | 29 | 12 |
| ശനി | 30 | 13 |

### Thought for the Week

A false belief is worse than any wrong action, because it leads to innumerable wrong actions. How often we hear the old silly saying that it does not matter what a man believes, and that this is a private affair between a man and his Maker.

Archbishop Temple.

THE CHURCH WEEKLY

## സ്തംഭനാവസ്ഥ

ഈയിടെ നടന്നുകൊണ്ടിരുന്ന സഭാ
സമാധാനാലോചനകൾ വളരെ മന്ദഗ
തിയിലാണു് പുരോഗമിച്ചു കൊണ്ടിരു
ന്നതെങ്കിലും നിരാശാ ജനകമായ
പല വിഷമഘട്ടങ്ങളെ തരണം ചെയ്യു
കയുണ്ടായിട്ടുണ്ടു്. ആലോചനകളിൽപങ്കെ
ടുത്തിരുന്നവർ പ്രതീക്ഷാതീതമായ ക്ഷ
മയും സഹിഷ്ണുതാമനോഭാവവും പ്രദ
ർശിപ്പിച്ചിട്ടുണ്ടു്. എങ്കിലും ഒരുസ്തംഭനാ
വസ്ഥയാണു് ഇപ്പോൾ അഭിമുഖീകരി
ക്കേണ്ടി വന്നിരിക്കുന്നതു്. എന്താണി
തിനു പരിഹാരം? പരിഹാരമുണ്ടു്.
ഇല്ലെങ്കിൽ ഉണ്ടാകണം. അത്രയ്ക്കു് നി
ർബന്ധമായ ഒരു നിഷ്ഠ ഇങ്ങനെയുള്ള
വിഷയങ്ങളിൽ പതിയാതെ വിജയം
വരിക്കാൻ പോകുന്നില്ല. അ നിഷ്ഠ സം
റിയാനിസഭയെപ്പററി ദൈവത്തിന്റെ
ഉ ദ്ദേ ശ മ ത ാ ണു്
എന്നുള്ള പരമബോദ്ധ്യത്തിൽനിന്നു ഉ
ട െ ല ടു ക്കേണ്ട താ ണു്. ന
മുടെഎല്ലാംഉദ്ദേശങ്ങൾ പലതായിരി
ക്കാം. അഉദ്ദേശങ്ങൾ സാധിക്കണമെന്നു
ള്ള അത്യഗ്രഹംവെടിയുവാൻസഭാകാര്യങ്ങ
ളിൽ എങ്കിലും നാം പരിശീലിച്ചാൽ
ജീവിതത്തിന്റെ മററു വശങ്ങളിലും
ദൈവഹിതംനടക്കുന്നതാണു്നമുക്കുനല്ല
തെന്നുനാംമനസ്സിലാക്കുകയുംഅതിൽഅ
ഹ്ളാദിക്കുകയും ചെയ്യും. പരമാർത്ഥ
ത്തിൽ ദൈവഹിതം നടക്കുകയല്ലെ ന
ല്ലതു? നമുക്കും ലോകത്തിനും അത
ല്ലെ അഭികാമ്യമായിട്ടുള്ളതു്? യേശു
ക്രിസ്തു അതാണു് നമ്മെ പഠിപ്പിച്ചതു്.
"നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തി
ലെപ്പോലെ ഭൂമിയിലും ആകേണമേ."
എന്നു പ്രാർത്ഥിക്കുവാൻ പഠിപ്പിച്ച അ
പ്രാർത്ഥനയിൽ ഉൾക്കൊണ്ടിരുന്ന മ
നഃപരിവർത്തനസാദ്ധ്യതകളെപ്പററിഅ
ദ്ദേഹത്തിനു നിശ്ചയമുണ്ടായിരുന്നു. ന
മ്മുടെ ഹിതങ്ങളും ദൈവഹിതവുമായി
ഭിന്നതയുണ്ടോയെന്നു കർതൃപ്രാർത്ഥന
ചൊല്ലുന്നവർ സ്വയംശാന്തമായിനിന്നു
ഒന്നു പരിശോധിക്കേണ്ടതാണു്. ഭിന്നമാ
ണെങ്കിൽ ദൈവഹിതം മാററിവയ്ക്കണ
മെന്നും, നമ്മുടെഹിതം തൽക്കാലം നടക്ക
ട്ടെയെന്നും തീരുമാനിക്കുവാനല്ല സകല
ഹൃദയങ്ങളെയും അറിയുന്ന കർത്താവു് അ
വശ്യപ്പെടുന്നതു്. ദൈവം അവിടുത്തെ
ഹിതം ഉപേക്ഷിക്കണമെന്നൊരു ത്യാ
ഗം ചെയ്യുവാനാവശ്യപ്പെടുകയല്ല ന
മ്മിൽനിന്നുള്ള പ്രാർത്ഥനയായി ഉയ
രേണ്ടതു്. ഹ്രസ്വദൃഷ്ടികളും, കാര്യങ്ങ
ളുടെ എല്ലാ വശങ്ങളും കാണുവാൻ അ
പ്രാപ്തരുമായ നാം നമ്മെത്തന്നെ ദൈ
വഹിതത്തിനു വിധേയമാക്കുവാനുള്ള
വിനയപരിശീലനമാണു് ദൈവം അ
പ്രാർത്ഥന കൊണ്ടു് ഉദ്ദേശിച്ചിരിക്കുന്ന
തു്. ആലോചനകളിൽ പങ്കെടുക്കുന്ന
വരും അല്ലാത്തവരുമായ സഭാംഗങ്ങൾ
ദൈവഹിതം ഈകാര്യത്തിലെന്താണെ
ന്നുള്ളതിനെപ്പററിസംശയിക്കുന്നുണ്ടോ?
സമാധാനമല്ലദൈവഹിതമെന്നു് ആരെ
ങ്കിലുംധരിച്ചുവച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ
അവർ കൂടുതൽ ആത്മപവിത്രീകരണ
ത്തോടുകൂടി അവരുടെ ബോദ്ധ്യം പുന
പ്പരിശോധന ചെയ്യണമെന്നു ഞങ്ങൾ
വിനീതമായി അഭ്യർത്ഥിക്കുന്നു. സുദീ
ർഘമായ സമുദായ കലഹചരിത്രത്തി
ലേക്കു നാം കണ്ണോടിക്കുന്ന പക്ഷം മാ
നുഷികമായ പല ചപലതകളും നമ്മു
ടെമത്സരമാർഗ്ഗങ്ങളിൽ കടന്നുകൂടുവാൻ
നാം അനുവദിച്ചിട്ടുണ്ടെന്നു കാണാം.
സ ഭ യു ടെ കാ ത
ലായ വിശ്വാസതത്വങ്ങളോ ആചാരന
ടപടികളോ ഒന്നും ഈ സുദീർഘ മൽ
സരത്തിൽ വിവാദവിഷയമായിട്ടില്ല.
ഭരണാധികാരം സംബന്ധിച്ചും, ഭരണ
നടപടികൾ സംബന്ധിച്ചും ആവിർഭ
വിച്ച ഒരു കലഹമാണിതു്. വിജയ
ത്തിനു സാദ്ധ്യത കൂട്ടാൻവേണ്ടി ചില
വിശ്വാസപ്രശ്നങ്ങളെ കൂടെ ഘടി
പ്പിച്ചുകൊണ്ടുപോകാൻ പരാജിതമായ
ചില ശ്രമങ്ങൾ നടന്നിട്ടുണ്ടു്. ഒന്നാം
നൂററാണ്ടിലൊ, പത്താം നൂററാണ്ടി
ലൊ, പത്തൊൻപതാം നൂററാണ്ടിൽ
തന്നെയൊ, സ്വീകാര്യമെന്നു് ധരിക്ക
പ്പെട്ടിരുന്ന പല ഭരണരീതികളും ഇ
പ്പോൾ ത്യാജ്യമായിത്തീർന്നിരിക്കയാ
ണു്. ക്രിസ്തുമതം തന്നെ പല വിപ്ള
വാശയങ്ങൾക്കും മാർഗ്ഗദർശകമായി ഭ
വിച്ചിട്ടുണ്ടു്. അങ്ങനെ പരിവർത്ത
നം സംഭവിച്ചുകൊണ്ടിരിക്കുന്ന ഭരണാ
ശയങ്ങൾക്കുനേരെ കണ്ണടച്ചുകൊണ്ടിരി
ക്കുവാൻ സാദ്ധ്യമല്ല. താദൃശമായ ഒരു
യഥാർത്ഥ്യത്തെ അന്ത്യോക്യാ സിംഹാസ
നത്തിൽ വാണിരുന്ന ഭരണാധിപന്മാർ
വിവേകപൂർവവും നീതിയുക്തവുമാ
യി അഭിമുഖീകരിച്ചില്ലെന്നുള്ളതാണു്
നമ്മുടെ സമുദായചരിത്രത്തിലെ ഒരു
നിർഭാഗ്യവശം. കാന്റർബറി ആർ
ച്ചു ബിഷപ്പും അദ്ദേഹത്തിന്റെ കീഴിൽ
ഭരിച്ചിരുന്ന ഇൻഡ്യയിലെ ആംഗ്ളി
ക്കൻ ബിഷപ്പന്മാരും അങ്ങനെയുള്ള പ്ര
ശ്നങ്ങളെ നേരിട്ടതെങ്ങനെയെന്നതു്
ആധുനികചരിത്രമാണു്. ഇപ്പോഴത്തെ
സമാധാനാലോചനകളിൽ പ്രത്യക്ഷമാ
യിക്കണ്ട ഒരു സുവർണ്ണവശം ഭരണാശ
യങ്ങളെ സംബന്ധിച്ചു് രണ്ടുകക്ഷികളും
പരിപൂർണ്ണഐക്യത്തിൽ എത്തിച്ചേർ
ന്നിട്ടുണ്ടെന്നുള്ളതാണു്. അന്ത്യോക്യാ
പാത്രിയർക്കീസിനു സ്ഥാനപരമായ ഒ
രു മഹിമ സമ്മതിച്ചുകൊണ്ടു് പരി
പൂർണ്ണമായ സ്വാതന്ത്ര്യം ഇൻഡ്യൻസ
ഭയ്ക്കുണ്ടായിരിക്കണമെന്നുള്ളതാണതു്. എ
ന്നാൽ സന്ധിവ്യവസ്ഥാരൂപവൽക്കരണ
ത്തിൽ ആ ഐക്യം ദർശിച്ചു കാണുന്നി
ല്ല. രണ്ടുവ്യവസ്ഥകളെ സംബന്ധിച്ചു
അടുക്കാൻ പാടില്ലാത്ത ഭിന്നതകൾ ഉ
ണ്ടെന്നാണു് ഇരുകക്ഷികളും വിശ്വ
സിക്കുന്നതു്. ഈ സന്ദർഭത്തിലാണു
ഇരുകക്ഷികളുടേയും സ്ഥായിയായ ക്രി
സ്തീയബോധം വികസിച്ചു കാണേണ്ട
തു്. പരമാർത്ഥത്തിൽ രണ്ടുകൂട്ടരും
വിജയ ലക്ഷ്യത്തെ ലാക്കാക്കി അബ്ദേ
ദ് മിശിഹാ പാത്രിയർക്കീസിനെ സം
ബന്ധിച്ചു സ്വീകരിച്ച നിലപാടു നമ്മു
ടെ കണ്ണുകോട്ടാലിയായിത്തീർന്നിരിക്കു
കയാണു്. ആ കാര്യം നമ്മെ പരാജ
യപ്പെടുത്താൻ അനുവദിച്ചുകൂടാ. ആ
സംഗതിയെ സംബന്ധിച്ചു രണ്ടുവിധ
ത്തിലുള്ള ചരിത്രങ്ങളാണു രണ്ടുകക്ഷി
കളും എഴുതിയിരിക്കുന്നതു്. ഈ ച
രിത്രങ്ങൾരണ്ടും അന്യോന്യം സ്വീകരി
ക്കണമെന്നാണു നമ്മുടെ ഇപ്പോഴത്തെ
ശാഠ്യം. ആ ശാഠ്യത്തിൽ ദൈവഹി
തമെന്നു നമ്മിൽ ബഹുഭൂരിപക്ഷവും ക
രുതുന്ന സമാധാനം ബലികഴിക്കപ്പെട്ടാ
ലും തരക്കേടില്ലെന്നുള്ള ഒരു മനോഭാവം
സംജാതമാകുവാൻ പ്രസ്താവനകളും മറു
പടികളും, ആഖ്യാനങ്ങളും പ്രത്യാഖ്യാ
നങ്ങളുംകൊണ്ടു് നാം ഇപ്പോൾ ശ്രമി
ക്കുകയാണു്. ദൈവത്തെ ഓർത്തു സ
മാധാനം അപകടത്തിലാക്കുന്ന പ്രസ്താ

<u>പ്രതിവാരപ്രഭാഷണം (The Sermon for the Week)</u>

# വിശുദ്ധ കന്യകമറിയാമിന്റെ മാതൃകയും മാദ്ധ്യസ്ഥവും

(എം. ററി.)

"മറിയ ഈ വാർത്ത ഒക്കെയും ഹൃ
ദയത്തിൽ സംഗ്രഹിച്ചു ധ്യാനിച്ചുകൊണ്ടി
രുന്നു."

(വി. ലൂക്കോസ് 2: 19)

വിശുദ്ധകന്യക മറിയാമിനെക്കുറിച്ചു
ള്ള ഈ വേദവാക്യം നമ്മുടെ ആത്മീ
യജീവിതത്തിനു വളരെ പ്രചോദനം
നൽകുന്ന ഒന്നാണ്. തനിക്കു ജാതനാ
യ ശിശു ലോകരക്ഷിതാവായ ക്രിസ്തു
വാണെന്നുള്ള രഹസ്യം ദൈവദൂതൻ
ആട്ടിടയന്മാരെയും ആട്ടിടയന്മാർ വി
ശുദ്ധ കന്യകയേയും അറിയിച്ച
പ്പോൾ അവൾക്കുണ്ടായ മനോഭാവമാ
ണ് നാമിവിടെ കാണുന്നത്. ആട്ടിടയ
ന്മാരുടെ വാർത്ത കേട്ട മറ്റുള്ളവർ ആ
ശ്ചര്യപ്പെട്ടു. എന്നാൽ മറിയ അതി
നെ ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാ
നിച്ചുകൊണ്ടിരുന്നു. ദൈവം മറിയയി
ൽ പ്രവർത്തിച്ച അത്ഭുതവും മറിയ അ
തെല്ലാം സ്വീകരിച്ച വിധവും നമ്മുടെ
ധ്യാനത്തിനു വിഷയമാക്കാം. ഒരു സ്ത്രീ
ക്കു ലഭിക്കാവുന്ന ഏറ്റവും ഉന്നതമായ
പദവിയാണ് അവൾക്കു ലഭിച്ചത്:
ദൈവപുത്രനായ ക്രിസ്തുവിന്റെ മാതാ
വാകുക എന്നുള്ളത്. ആദ്യം ദൈവ
ദൂതൻ അവൾക്കു പ്രത്യക്ഷനായപ്പോൾ
പറഞ്ഞ വചനങ്ങൾ തന്നെയാണ്
ഇന്നു നാം വിശുദ്ധകന്യകയെ സ്മരി
ക്കുമ്പോൾ ഉച്ചരിക്കുന്നത്: "കൃപലഭി
ച്ചവളേ നിനക്കു വന്ദനം. കർത്താവു
നിന്നോടുകൂടെ ഉണ്ട്." (ലൂക്കോസ്
1: 28) നമ്മുടെ കർത്താവിന്റെ കഷ്ട
തയിലും മഹത്വത്തിലും ഉറ്റപങ്കാളി
യായിത്തീരുവാനുള്ള പദവി ദൈവം
അവൾക്കു നൽകി.

ഈ പദവിക്കു പ്രത്യുത്തരമെന്നവ
ണ്ണം കന്യകമറിയാം മാതൃകാപരമായ
വിനയവും വിശുദ്ധിയും അനുസരണ
വും ജീവിതത്തിൽകൂടെ ദൈവത്തിനു
സമർപ്പിച്ചു. ആദ്ധ്യാത്മിക ജീവിത
ത്തിന്റെ ഉത്തമ മാതൃകയാണ് വി
ശുദ്ധകന്യകയിൽ നമുക്കു ലഭിച്ചിരി
ക്കുന്നത്. ദൈവത്തിന്റെ രഹസ്യ
വ്യാപാരങ്ങളെ അവൾ സംശയിക്കുക
യോ ചോദ്യം ചെയ്യുകയോ ചെയ്തില്ല.
അവ മനുഷ്യബുദ്ധിക്കു അഗോചരമെ
ങ്കിലും വിശ്വാസത്തിനു സുഗ്രാഹ്യമാ
ണ്. ക്രിസ്തീയ ജീവിതത്തിൽ എല്ലാവ

---

വനകളും ആരോപണങ്ങളും കൊണ്ടു ഇ
തുവരെ സാധിച്ച അന്തരീക്ഷം കലുഷ
മാക്കുവാൻ ആരും തുനിയരുതെന്നു ഞ
ങ്ങൾ സവിനയം അഭ്യർത്ഥിക്കുന്നു.
ബിഷപ്പ് സി. കെ. ജെയിക്കബ് തിരു
മേനിയുടെ സാന്നിദ്ധ്യത്തിൽ ഇരുകക്ഷി
യി ലെ യും ഏ താ
നും നേതാക്കന്മാർ കഴിഞ്ഞ ആഴ്ചയി
ൽ നടത്തിയ ആലോചനകൾ നവംബ
ർ ആദ്യത്തെ ആഴ്ചയിൽ വീണ്ടും തു
ടരുവാൻ തീരുമാനിച്ചിരിക്കുന്നതായ
റിഞ്ഞു. ആ ആലോചനകൾ വിജയപ്ര
ദമാകുവാനും, ദൈവാനുഗ്രഹം ഭവിക്കു
വാനും സഭാംഗങ്ങൾ ഹൃദയപൂർവം
പ്രാർത്ഥിക്കുവാൻ ഉള്ള അവസരമാ
ണിത്. അബ്ദേദമിശിഹാ പാത്രി
യർക്കീസ് അന്ത്യോഖ്യൻ സിംഹാ
സനത്തിൽ വാണിരുന്ന ഒരുദേഹമാ
ണെന്നു ആരും വിസംവദിക്കുന്നില്ല.
എങ്ങിനെയോ അദ്ദേഹത്തിന്റെ സിം
ഹാസനം നഷ്ടപ്പെട്ടു. മറ്റൊരു പാത്രി
യർക്കീസ് അവരോധിതനായി. ആ
സംഭത്തിനു ഇടയായ കാരണങ്ങളും സാ
ഹചര്യങ്ങളും ഇപ്പോൾ വിവിധ വ്യാ
ഖ്യാനങ്ങൾക്കു ഇടനൽകിയെങ്കിലും
അബ്ദുള്ളാ പാത്രിയർക്കീസിന്റെ
മുടക്കം, തുടർന്നുണ്ടായ കലഹങ്ങളും
വന്നുഭവിക്കുന്നതിനുമുമ്പുതന്നെ അവ
യെപ്പറ്റി മലങ്കരസഭയിൽ അറിവുണ്ടാ
യിരുന്നുവെന്ന് പാത്രിയർക്കീസ് പ
ക്ഷത്തെ പ്രായംചെന്നവർ സമ്മതിക്കു
ന്നതാണ്. അന്നു സമുദായത്തിന്റെ സ
ഹതാപം തക്കതായ കാരണം കൂടാതെ
നഷ്കാസിതനായ അബ്ദേദമിശി
ഹാപാത്രിയർക്കീസിന്റെ പക്ഷത്താ
യിരുന്നുവെന്നും പലരും അറിഞ്ഞിരി
ക്കും. എന്നാൽ അന്ത്യോഖ്യയിലെ വ
ഴക്കിന്റെ ന്യായന്യായങ്ങളെ അന്നു
വിവേചിക്കാതെ മലങ്കരസഭ, അധികാ
രസ്ഥാനത്തിരുന്ന അബ്ദുള്ളാ പാത്രി
യർക്കീസിനെ അനുകൂലിച്ചു വട്ടശ്ശേ
രി തിരുമേനിയെ പട്ടം കേടിക്കുവാൻ
അദ്ദേഹത്തിന്റെ അടുക്കലേക്കയച്ചതാ
ണ് നമ്മുടെ ആദ്യത്തെ തെറ്റ്.
അല്ലെങ്കിൽ നമ്മുടെ ചരിത്രം അന്നു
മുതലെ ഭിന്നമാകുമായിരുന്നു. ഏതായാ
ലും രണ്ടു പാത്രിയർക്കീസന്മാരെ അ
നുകൂലിച്ചനാം നാൽപ്പത്തഞ്ചു കൊല്ല
ത്തെ തമ്മിത്തല്ലു കഴിഞ്ഞ് സന്ധിക്കു
ആലോചിക്കുകയാണ്. പലതും ആ
കാലയളവിൽ സംഭവിച്ചു കഴിഞ്ഞു.
ഇന്നു ബുദ്ധിയോടും വിവേകത്തോടും
നാം എന്താണ് ചെയ്യേണ്ടത്? അ
ബ്ദുള്ളാ പാത്രിയർക്കീസു ബാവായെ
അനുകൂലിച്ചുനിന്നകക്ഷിക്കു ചരിത്രത്തി
ന്റെയും വേദശാസ്ത്രത്തിന്റെയും അ
ടിസ്ഥാനത്തിൽ അവർക്ക് ഉന്നയിക്കാ
വുന്ന പരാതി അബ്ദേദമിശിഹാ പാ
ത്രിയർക്കീസ് ബാവായുടെ നടപടിക
ളിൽ ഒരു Irregularity (ക്രമക്കേ
ട്) ഉണ്ടെന്നാണ്. അതുപോലെതന്നെ
മറിച്ചും. അബ്ദുള്ള പാത്രിയർക്കീ
സു് സ്ഥാനാരോഹണം ചെയ്തുതന്നെ
ക്രമക്കേട് ആണെന്നു എതിർകക്ഷി വി
ശ്വസിക്കുന്നു. ഈ ക്രമക്കേടുകൾ നാം
പരിഹരിക്കുന്നത് പരസ്പര സ്വീകരണം
കൊണ്ടാണ്. ആ സ്വീകരണവ്യവസ്ഥ
യിൽ അന്യോന്യം വിധിക്കുന്ന വാചക
ങ്ങൾ കളയണം. നിലവിലിരിക്കുന്ന
കാതോലിക്കാ സ്ഥാപനത്തെ പാത്രി
യർസുകക്ഷി ഇതുവരെ അംഗീകരിച്ചി
ട്ടില്ല. സമാധാനത്തീയതിമുതൽ ഇരുക
ക്ഷികളും സമ്മതിക്കുന്ന പ്രാർത്ഥന
യോടുകൂടി അവർ അംഗീകരിക്കുന്ന
താണെന്ന് എന്തുകൊണ്ട് സമ്മ
തിച്ചുകൂടാ. രക്ഷാവ്യവസ്ഥകൾക്കു വി
ധേയമാണെങ്കിലും കാതോലിക്കായുടെ
സ്ഥാനാഭിഷേകം, മൂറോൻ, കാതോലി
ക്കായുടെ ഇടവകവ്യാപ്തിമുതലായവ
സംബന്ധിച്ച ചില പരിമിതികൾ
കാതോലിക്കാകക്ഷിയും സ സന്തോഷം
സമ്മതിക്കണം. സ്ഥാനാഭിഷേകം സ
ഭയിലെ ഏറ്റ ം സ്വ പ്ര ാ
ധസ്ഥാനരോഹണ ച ട ങ്ങാ ണ് .
അതു ഒരു സ്വതന്ത്രസഭ പ്ര
ത്തെവിടെയെങ്കിലും വച്ചുനടത്താൻ
തീരുമാനിച്ചുകൂടാ. തിഗ്രീസിലെ കാതോ
ലിക്കോസിന്റെ സ്ഥാനാഭിഷേകം സം
ബന്ധിച്ച അന്ത്യോഖ്യാ സിംഹാസനം
സ്വീകരിച്ച നിലയ്ക്കു ഭിന്നമായി പാത്രി
യർക്കീസ് ബാവാതിരുമേനി ഈ സം
ഗതിയിൽ നിർബന്ധം പിടിയ്ക്കുകയി
ല്ലെന്നു വിശ്വസിക്കാം. അങ്ങനെ ഈ
രണ്ടു പ്രശ്നങ്ങൾക്കും ഒരു പരിഹാ
രം നിർദ്ദേശിക്കാനുള്ള കഴിവ് പ്രത്യ
ക്ഷപ്പെടുത്തണമെന്ന് സമുദായനേതൃ
ത്വം വഹിക്കുന്നവരുടെ മുമ്പിൽ സമർ
പ്പിച്ചുകൊള്ളട്ടെ.

ർക്കും അനുഭവപ്പെടുന്ന. ഒരു പരമാർത്ഥമാണിതു്. നമ്മുടെ ആലോചനയ്ക്കും അറിവിനും അതീതമായിട്ടുള്ള മാർഗ്ഗങ്ങളിൽ കൂടി ദൈവം പലപ്പോഴും നമ്മെ നടത്തുന്നു. നമ്മുടെ അഭിപ്രായങ്ങളെയും അഭിലാഷങ്ങളെയും താൻ അവഗണിക്കുന്നു. സ്വാർത്ഥത്തിൽ അധിഷ്ഠിതമായ നമ്മുടെ ഉപദേശങ്ങളെ താൻ വിഫലീഭവിപ്പിക്കുന്നു. ഇങ്ങനെയുള്ള അവസരങ്ങളിൽ വിശുദ്ധ കന്യകയെപ്പോലെ നമുക്കു സ്വീകാര്യമായ ഒരു മാർഗ്ഗമേയുള്ളു: "നിന്റെ വചനംപോലെ എനിക്കു ഭവിക്കട്ടെ" എന്നു പറഞ്ഞുകൊണ്ടു് ദൈവഹിതത്തെ സ്വാഗതം ചെയ്യുക.

കന്യകമറിയം മഹൽകാര്യങ്ങളൊന്നും ചെയ്യുവാൻ ആഗ്രഹിച്ചില്ല. അവളുടെ എളിയ നിലയിൽ അവൾ തൃപ്തിപ്പെട്ടു. അവൾക്കു ലഭിച്ച ഉന്നതപദവിക്കു് അവൾ അർഹയാകുമെന്നോ അവളെ ദൈവം അതിനായി തെരഞ്ഞെടുക്കുമെന്നോ അവൾ സ്വപ്നേപി വിചാരിച്ചിരുന്നില്ല. ദൈവത്തിനു പ്രസാദകരമായ ആന്തരീയ ജീവിതത്തിനു അവശ്യം വേണ്ട ഒരു മനോഭാവമാണിതു്. തങ്ങളുടെ ഒന്നുമില്ലായ്മയിൽ തൃപ്തിപ്പെട്ടു് സകല അഹംഭാവവും വെടിഞ്ഞു് ദൈവത്തിന്റെ കൃപയിൽ മാത്രം ആശ്രയിച്ചു വിശ്വസ്തതയോടും വിനയത്തോടുംകൂടി ജീവിക്കുന്നവർക്കേ യഥാർത്ഥത്തിൽ ദൈവത്തെ സേവിക്കുവാൻ കഴിയൂ. നമ്മിൽ പലരും വലിയകാര്യങ്ങൾ ചെയ്തു പേരും പെരുമയും സമ്പാദിക്കുവാൻ വെമ്പൽ കൊള്ളുന്നു. മനുഷ്യന്റെ പ്രശംസയാണു് നമ്മുടെ ലക്ഷ്യം, അതുകൊണ്ടു ദൈവത്തിനു നമ്മിൽ കൂടെ പലതും ചെയ്‌വാൻ അസാദ്ധ്യമായിത്തീരുന്നു.

വിശുദ്ധ കന്യകമറിയാം കർത്താവിന്റെ ക്രൂശിന്റെ അനുഭവത്തിൽ ആഴമായി പങ്കുകൊണ്ടു. തന്റെ പുത്രന്റെ കഷ്ടപ്പാടിലുള്ള കൂട്ടായ്മ അവന്റെ ജനനം മുതൽക്കേ അവൾക്കു അനുവദിക്കപ്പെട്ടതാണു്. പുൽത്തൊട്ടിയിൽ തുടങ്ങി കാൽവറിവരെ ആ അനുഭവം അവളെ പിൻതുടർന്നു. അതിനുശേഷവും അതു നീണ്ടു നീണ്ടുനിന്നു. "നിന്റെ സ്വന്ത പ്രാണനിൽ കൂടിയും ഒരു വാൾകടക്കും" എന്നു വൃദ്ധനായ ശിമ്യോൻ മറിയയോടു പറഞ്ഞ വാക്കുകൾ അവളുടെ അനുഭവത്തിൽ അന്വർത്ഥമായിത്തീർന്നു. എന്നാൽ അഗാധമായ ഈ മനോവ്യഥ അനുഭവിച്ചുകൊണ്ടും മുപ്പതുവർഷക്കാലം അവൾ നസറേത്തിലെ ഒരു ദരിദ്രകുടുംബത്തിൽ കഴിച്ചുകൂട്ടി. അതിനുശേഷം അവൾക്കു സ്വന്തമായി ഒരു ഭവനംപോലും ശേഷിച്ചില്ല. യോഹന്നാന്റെ ഔദാര്യത്തിൽ ആശ്രയിച്ചാണു് അവൾ ശിഷ്ടായുസ്സുകഴിച്ചതു്. അവളുടെ ജീവിതം എത്ര എളിയതും അനാർഭാടവും ആയിരുന്നു! ആരും അറിയത്തക്കയാതൊരു പ്രാധാന്യവും ആ ജീവിതത്തിനുണ്ടായിരുന്നില്ല; ലോകപ്രകാരം. തന്റെ പുത്രന്റെ സുവിശേഷം പ്രചരിപ്പിക്കുവാൻ ബാഹ്യമായ വലിയ സംരംഭങ്ങളിലൊന്നും അവൾ ഏർപ്പെട്ടില്ല. എങ്കിലും "സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ" എന്ന പേരിനു് അവൾ അർഹയായി. ഈലോകത്തിന്റെ ഉദ്ധാരണത്തിനായി ദൈവത്തിന്റെ കൃപ ലോകത്തിലേക്കു പ്രവഹിച്ചതു അവളിൽ കൂടെയായിരുന്നു

എളിമയേറിയ ഒരു നിശബ്ദജീവിതത്തിന്റെ അളവറ്റ സാദ്ധ്യതകൾ നോക്കണം. ദൈവത്തിന്റെ കണ്ണുകളിൽ അതിനേക്കാൾ വിലയേറിയ മറ്റൊന്നും ഉണ്ടെന്നു തോന്നുന്നില്ല. അങ്ങനെയുള്ളവരെയാണു് ദൈവം തന്റെ ആയുധങ്ങളായി ഉപയോഗിക്കുവാൻ ഇഷ്ടപ്പെടുന്നതു്. വിശുദ്ധ കന്യകയുടെ മാതൃക നമുക്കു എത്രമാത്രം അനുകരണീയമാണു്! ആന്തരീയജീവിതം വിജയകരമാകുവാൻ നാം ആഗ്രഹിക്കുന്നെങ്കിൽ വിശുദ്ധകന്യകയിൽ വിളങ്ങിയ ആ സ്വഭാവവിശേഷങ്ങളെ നാം സ്വായത്തമാക്കണം. ദൈവത്തിന്റെ വ്യാപാരങ്ങളെക്കുറിച്ചു മൗനമായി ധ്യാനിക്കുക; എളിമധരിക്കുക; നമ്മുടെ നിലയിൽ തൃപ്തിപ്പെടുക; ചെറിയകാര്യങ്ങളിൽ ശ്രദ്ധപതിക്കുക; എല്ലാകാര്യങ്ങളിലും വിശ്വസ്തരായിരിക്കുക; ദൈവകൃപയെ സ്വീകരിക്കുക; ദൈവഹിതത്തിനു നമ്മെത്തന്നെ മുഴുവനായി വിട്ടുകൊടുക്കുക; കഷ്ടപ്പെടുവാൻ സന്നദ്ധരാകുക; പ്രാർത്ഥനയിൽ നിഷ്ഠയുള്ളവരായിരിക്കുക—ഇതെല്ലാമാണു ആത്മീയജീവിതത്തിന്റെ വളർച്ചയ്ക്കാവശ്യമായതു്. ഇതെല്ലാം മാതൃകാപരമായി നാം വിശുദ്ധ കന്യകയിൽ കാണുന്നു. എന്നാൽ വിശുദ്ധ കന്യക നമ്മുടെ കർത്താവിന്റെ ഉത്തമമാതൃകയുടെ ഒരു പ്രതിഛായ മാത്രമാണെന്നു നാം മറക്കരുതു്. കന്യകമറിയാമിന്റെ സ്മരണയ്ക്കു് മാദ്ധ്യസ്ഥവും കന്യകയിൽ നിന്നും നമ്മുടെ കർത്താവിങ്കലേക്കു നമ്മെ നയിക്കണം. അവനാണു നമ്മുടെ പരമലക്ഷ്യം. ആ കർത്താവിന്റെ കൂട്ടായ്മയിൽ വളരുവാൻ സകല വിശുദ്ധന്മാരുടെയും വിശിഷ്യ കന്യകമറിയാമിന്റെയും മാതൃകയും മാദ്ധ്യസ്ഥവും നമുക്കു സഹായമായിഭവിക്കട്ടെ.


## ജയഭാരതം ആര്യവൈദ്യശാല (Regd.)

H. O. പുനലൂർ.

ഏജൻസികൾ—അഞ്ചൽ, അടൂർ, ആയൂർ, കൊട്ടാരക്കര, കുന്നിക്കോട്ട്, കല്ലിശ്ശേരി, എഴുകോൺ, സദാനന്ദപുരം, ചിരട്ടക്കോണം, ചാത്തന്നൂർ, പാണ്ടനാട്ട്, ചെങ്ങമനാട്ട്, ഉമ്മന്നൂർ.

ഏററവും നല്ല ആയുർവേദഔഷധങ്ങൾ മിതമായ വിലയ്ക്കു ഹെഡാഫീസിലും ഏജൻസികളിലും വില്പനയ്ക്കുണ്ടായിരിക്കുന്നതാണു്. ആകർഷകമായ വ്യവസ്ഥകളിൽ എല്ലാ സ്ഥലത്തും ഏജൻസികൾ കൊടുക്കുന്നുണ്ടു്. കൂടുതൽ വവരങ്ങൾക്കു് എഴുതുക.

പ്രധാനവൈദ്യൻ

പി. ഒ. തോമ്മസ്‌വൈദ്യൻ, വൈദ്യകലാനിധി

പുനലൂർ

# വേദവായനക്കുറിപ്പുകൾ

തിങ്കൾ ഗലാ: 3: 1—14.

ഗലാത്യലേഖനത്തിന്റെ ഹൃദയമാണ് മൂന്നാമത്തേയും നാലാമത്തേയും അദ്ധ്യായങ്ങൾ. ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ താൻ തന്റെ അപ്പോസ്തലസ്ഥാനത്തെ സ്ഥാപിക്കുകയായിരുന്നു. കൃപയാൽമാത്രം മനുഷ്യൻ രക്ഷിക്കപ്പെടുന്നു, പ്രവൃത്തികളാലല്ല. യേശുക്രിസ്തുവിന്റെ ജീവിതത്തിൽ ദൈവം നമ്മോടു കാണിച്ചിട്ടുള്ള ദിവ്യകാരുണ്യത്താൽ മാത്രമേ മനുഷ്യവർഗ്ഗത്തിനു രക്ഷയുള്ളു എന്നാണല്ലോ വി. പൗലൂസിന്റെ സുവിശേഷ പ്രഖ്യാപനം. ഈ പ്രഖ്യാപനം തനിക്കു സഭയിലെ മൂപ്പന്മാരിൽ നിന്നും ലഭിച്ചതല്ല, ദൈവത്തിൽ നിന്നും വെളിപ്പാടുമൂലം ലഭിച്ചതാണ്. എന്നാൽ മററപ്പോസ്തലന്മാർ ഇതിനു വിരോധമൊന്നും പറഞ്ഞിട്ടില്ലെന്നും, അങ്ങിനെ പറഞ്ഞിട്ടുണ്ടെങ്കിൽ, അതു താൻ അവരോടു നേരിട്ടു പറഞ്ഞു അവരെ ബോദ്ധ്യമാക്കിയിട്ടുണ്ടെന്നും. (2: 11 തുടർച്ച), അതുകൊണ്ടു തന്റെ സുവിശേഷം യഥാർത്ഥമായ ദിവ്യസന്ദേശമാണെന്നുമത്രെ കഴിഞ്ഞ രണ്ടു അദ്ധ്യായങ്ങളിൽ താൻ സ്ഥാപിച്ചതു.

ഇപ്പോൾ, ന്യായപ്രമാണാനുസരണത്താലല്ല, കൃപയാൽ മാത്രമേ രക്ഷയുണ്ടാവുകയുള്ളു എന്നുള്ള സത്യം ന്യായപ്രമാണത്തെയനുസരണമാക്കി തെളിയിക്കുവാനാണ് വി. പൌലൂസ് ശ്രമിക്കുന്നതു.

ഇത്രയും കോപസൂചകമായ ഒരു ലേഖനം വേറെയുണ്ടെങ്കിൽ അതു കൊരിന്ത്യലേഖനമാണ്. അവിടെ സഭയിലെ അംഗങ്ങളുടെയിടയിൽ അപലപനീയമായ രീതിയിലുള്ള വ്യഭിചാരവും അന്തഃഛിദ്രവും നടക്കുന്നതുകൊണ്ടാണ് വി: ശ്ലീഹാ കോപിഷ്ഠനായതു. ഇവിടെ ഗലാത്യയിൽ, അത്ഭുതാവഹമായ ദൈവകൃപയെപ്പററിയുള്ള സത്യസുവിശേഷം ബാഹ്യാചാരങ്ങൾക്കധീനമാക്കി മൂടിവെച്ചിരിക്കുന്നതുകൊണ്ടു താൻ കോപിക്കുന്നു. ഇന്നത്തെ ക്രിസ്ത്യീയ സഭകളോടു പൌലൂസ് ശ്ലീഹായ്ക്കു കോപമുണ്ടാകുവാനിടയുണ്ടോ?

ചൊവ്വ. ഗലാ 3: 1—14. (തുടർച്ച)

തന്റെ ആദ്യത്തെ ചോദ്യം, "നിങ്ങൾക്കു പരിശുദ്ധാത്മാവിന്റെ ദാനം ലഭിച്ചതു, മോശയുടെ ന്യായപ്രമാണമനുസരിച്ചു നടന്നയവസരത്തിലോ, അതോ അത്ഭുതാവഹമായ ക്രിസ്തുനാഥന്റെ സുവിശേഷപ്രസംഗം കേട്ടയവസരത്തിലോ?" എന്നാണ്. ഗലാത്യയിലെ യഹൂദരുടേയും പുറജാതികളുടേയും [ഇടയിൽ നവജീവൻ ഉണ്ടായി, അവർ ദൈവപുത്രന്മാരായിത്തീർന്നതു, സുവിശേഷത്തോടനുബന്ധിച്ചു നൽകപ്പെടുന്ന പരിശുദ്ധാത്മാനൽവരം മൂലമായിരുന്നല്ലോ

രണ്ടാമത്തെ തന്റെ വാദം ഇങ്ങനെയാണ്. പഴയനിയമ ചരിത്രത്തിലെ ഏററവും നീതിമാനായ അബ്രാഹാം പോലും ദൈവവിശ്വാസം മൂലമാണ് നീതീകരിക്കപ്പെടുന്നതു (മോശയുടെ ന്യായപ്രമാണം അബ്രഹാമിന്റെ കാലത്തിനു 400ൽപ്പരം സംവത്സരശേഷമാണല്ലോ നൽകപ്പെട്ടതു.) ജഡികമായി അബ്രഹാമിന്റെ സന്തതികളായിട്ടുള്ളവരല്ല, വിശ്വാസംമൂലം അബ്രഹാമിനെപ്പോലെ നീതീകരിക്കപ്പെടുന്നവരാണ് യഥാർത്ഥയിസ്രായേൽ. അതുകൊണ്ടാണല്ലോ, അബ്രഹാമിനോടുള്ള ദൈവവാഗ്ദത്തത്തിൽ യഹൂദന്മാരെ മാത്രമായി അനുഗ്രഹിക്കാതെ, "സർവ്വ ജാതികളും നിന്നിൽ അനുഗ്രഹിക്കപ്പെടും" എന്നു ദൈവം കൽപ്പിച്ചതു.

മൂന്നാമത്തെ വാദം ന്യായപ്രമാണത്തിൽ ഒരു ന്യായമെങ്കിലും ലംഘിക്കുന്നവൻ, മുഴുവൻ ന്യായപ്രമാണത്തെയും ലംഘിച്ചതുപോലെ ആകുന്നു; അതുകൊണ്ടു ന്യായപ്രമാണം അനുസരിക്കുന്നതുമൂലം നീതീകരിക്കപ്പെടുന്നവൻ ഒരുത്തൻപോലുമില്ല, എന്നാകുന്നു. ന്യായപ്രമാണത്തിന്റെ ശാപം തന്റെ സ്വന്തം ചുമലിൽ വഹിച്ചവൻ കർത്താവേശുമിശിഹായാകുന്നു. അങ്ങിനെ ശാപഗ്രസ്തമായ ജനം തന്റെ ക്രൂശുമരണം മൂലംമാത്രം വിലയ്ക്കു വാങ്ങപ്പെട്ടിട്ടുള്ളവരാകുന്നു. ക്രൂശിൽ മാത്രമേ നമുക്കു നീതീകരിക്കപ്പെടുവാൻ കഴികയുള്ളു.

ബുധൻ ഗലാ 3. 15—22

[വാക്യം. 15: നിയമം എന്ന പദത്തിനു ഇവിടെ ഉടമ്പടി എന്നർത്ഥമാകുന്നു അങ്ങിനെ തിരുത്തി വായിക്കണം.]

മനുഷ്യർ തമ്മിലുള്ള ഉടമ്പടി, ഉറപ്പിച്ചു കഴിഞ്ഞാൽ പിന്നെ വ്യത്യാസം വരുന്നില്ല. ന്യായപ്രമാണം ഒരുടമ്പടിയാണ്. ഞാൻ നിന്റെ ദൈവമാകുന്നു: നിങ്ങളെന്റെ ജനങ്ങളാകുന്നു എന്നു ദൈവം ഉടമ്പടി നൽകുന്നു. നിന്റെ നിയമങ്ങളെ ഞങ്ങൾ പാലിച്ചുകൊള്ളാമെന്നു മനുഷ്യരും ഉടമ്പടി നൽകുന്നു. ഈ ഉടമ്പടി മാലാഖമാർ മുഖാന്തിരം മദ്ധ്യസ്ഥനായ മോശയുടെ കയ്യിൽ ഏല്പിക്കപ്പെട്ടു. [ഗ്രീക്കുഭാഷയിലുള്ള പഴയനിയമമായിരുന്നു പൌലൂസിന്റെ കാലത്തു ഉപയോഗിച്ചു വന്നിരുന്നതു. ഗ്രീക്കു ആവർത്തന പുസ്തകം 33:2ൽ അവർക്കുവേണ്ടി അഗ്നിമയമായൊരു പ്രമാണം അവന്റെ വലങ്കയ്യിൽ ഉണ്ടായിരുന്നു എന്നുള്ള ഭാഗം ഇല്ല. അതു എബ്രായ വേദപുസ്തകത്തിലേയുള്ളു. അതിനു പകരം "അവന്റെ വലത്തുഭാഗത്തു അവന്റെ മാലാഖമാരുമുണ്ടായിരുന്നു" എന്നാണ് ഗ്രീക്കു ആവർത്തനത്തിലുള്ളതു.]

എന്നാൽ ഇതിനു 430 വർഷംമുമ്പു നൽകപ്പെട്ടതാണ് അബ്രാഹാമിനോടുള്ള വാഗ്ദത്തം. ഈ വാഗ്ദത്തത്തെ ഇല്ലായ്മചെയ്വാൻ പിൽക്കാലത്തു നടന്ന ഒരുടമ്പടിക്കു സാദ്ധ്യമല്ല. ഈ വാഗ്ദത്തമാകട്ടെ, നിന്റെ സന്തതി (ഏകവചനം)മൂലം ജാതികൾ അനുഗ്രഹിക്കപ്പെടുമെന്നാണ്. ഇതു യേശുമിശിഹായെയാണു കുറിക്കുന്നതു ഈ വാഗ്ദത്തത്തിന്റെ പൂർത്തീകരണംമൂലമാണു നമുക്കു രക്ഷയുണ്ടാകുന്നതു. അല്ലാതെ, ഇടക്കാലത്തു അച്ചടക്കത്തിനു വേണ്ടിയുണ്ടാക്കിയിട്ടുള്ള ഒരു നിയമാവലിമൂലമല്ല എന്നാണു വി: ശ്ലീഹാ പറയുന്നതു.

സഭക്കു പൊതുവേ രക്ഷ വരണമെങ്കിൽ നാം ക്രിസ്തുവിലും തന്റെ കൃപയിലും ആശ്രയിക്കണം, കാനോൻനിയമങ്ങളെ ലംഘനംകൂടാതെ പാലിച്ചതുകൊണ്ടു മാത്രമായില്ല (അങ്ങനെ പാലിക്കുവാൻ സാധിക്കുമോ?) എന്നുകൂടി നമുക്കിതിൽനിന്നും പഠിക്കാമോ?

വ്യാഴം 3. 15—22 (തുടർച്ച)

ഇങ്ങിനെ അബ്രഹാമിനോടുള്ള വാഗ്ദാനവും മോശയുടെ ന്യായപ്രമാണവും രണ്ടും ദൈവത്തിൽനിന്നുള്ളതെങ്കിൽ, രണ്ടാമത്തേതു ആദ്യത്തേതിനെ ദുർബ്ബലമാക്കുമോ? ഇല്ല. ആദ്യ വാഗ്ദാനത്തിന്റെ ഉദ്ദേശം മനുഷ്യർക്കു നിത്യജീവനുളവാക്കുകയെന്നുള്ളതായിരുന്നു. ഇതു ചെയ്വാൻ ന്യായപ്രമാണത്തിനു കഴിവുണ്ടായിരുന്നുവെങ്കിൽ, അതിനു ഒരു സ്ഥാവര വൈശിഷ്ട്യമുണ്ടാകുമായിരുന്നു. എന്നാൽ അങ്ങനെ കഴിവില്ലല്ലൊ. ന്യായപ്രമാണപ്രകാരം ഓരോ മനുഷ്യനെയും അളന്നുനോക്കിയാൽ എല്ലാവരും പാപികളാണു, മൃത്യുവിന്നർഹരാണു എന്നാണു കാണുന്നതു.

അപ്പോൾ ആദ്യ വാഗ്ദാനം ദൈവകാരുണ്യത്താൽ വിശ്വാസികൾക്കു യേശുക്രിസ്തുമൂലം വൃഥാ ദാനമായി നൽകപ്പെടേണ്ടി വരുന്നു. അങ്ങിനെ മാത്രമേ മനുഷ്യനു നീതീകരിക്കപ്പെടുവാൻ സാദ്ധ്യമാകയുള്ളു. അബ്രഹാമിനോടുള്ള വാ

ദാനത്തിൻെറ യഥാർത്ഥപൂർത്തീകരണം ന്യായപ്രമാണമല്ല ക്രിസ്തുയേശുമൂലമുണ്ടായിട്ടുള്ള കാരുണ്യമാകുന്നു.

നമ്മുടെയിടയിൽ അന്യോന്യമുള്ള വിധിപറയലും കോടതിയിൽപോകലും മുടക്കമൊക്കെ നടന്നിട്ടുള്ളതും നടക്കുന്നതും ന്യായപ്രമാണത്തെ ആധാരമാക്കിയാണ്. എന്നാൽ ദൈവത്തിൻെറ കൃപയിൽ മാത്രമേ നമുക്കാശ്വസ്സ വഴിയുള്ളു എന്ന് നാമോരോരുത്തരും ധരിക്കുമ്പോൾ, അന്യോന്യം കലഹിക്കാതെയും, പരിപൂർണ്ണമായ മൈത്രിയോടുകൂടിയും, സഭാംഗങ്ങൾ യേശുവിൻെപകൃപയിൽ ഒന്നു ചേർന്ന് ജീവിച്ച് ദൈവത്തെ മഹത്വപ്പെടുത്തുവാൻ കഴിയും.

വെള്ളി (3:23–29)

എന്നാൽ ഇപ്രകാരമുള്ള ഈ വാഗ്ദത്ത പൂർത്തിക്ക് ഒരു നിശ്ചിത കാലമുണ്ടായിരുന്നു. ഈ കാലം വരെ മനുഷ്യൻ പാപത്തിൽ വളരെയധികം അതിർത്തിവിട്ടുപോയി നശിപ്പാതിരിപ്പാൻ വേണ്ടി ദൈവം കല്പിച്ചുണ്ടാക്കിയ ഒരു താൽക്കാലിക ഏർപ്പാടായിരുന്നു ന്യായപ്രമാണം.

പുരാതന റോമാ ഗ്രീക്ക് ധനികകുടുംബങ്ങളിൽ ആറുമുതൽ പതിനാറു വയസ്സുവരെ ആൺകുട്ടികളെ കുഴപ്പത്തിലൊന്നും ചാടാതെ നോക്കുവാനും, വീട്ടിൽനിന്നും വിദ്യാലയത്തിലേക്ക് പോകുമ്പോൾ കൂടെപ്പോകുവാനും വേണ്ടി പ്രത്യേകം ഒരു അടിമ വേലക്കാരനുണ്ടായിരുന്നു. അയാളുടെ പേരാണ് "പൈദാഗോഗോസ്" (ശിശുപാലകൻ). ഇതാണ് നിയമത്തിൻെറ ചുമതല. നാം ബാഹ്യമായ കുഴപ്പങ്ങളിലൊന്നും പെടാതെ നമ്മെ സൂക്ഷിക്കുന്നതിനും വിശ്വാസ ദാതാവായ ദൈവത്തിങ്കലേക്ക് നമ്മെ നയിക്കുന്നതിനും.

മനുഷ്യചരിത്രത്തിലും അതുപോലെ തന്നെ ഒരു മനുഷ്യൻെറ ഇന്നത്തെ ജീവിതത്തിലും നിയമത്തിന് ഒരു സ്ഥാനമുണ്ട്. മനുഷ്യന് ഉത്തരവാദിത്വബോധമുണ്ടാകുന്നതുവരെ അവൻ നിയമാധീനനായിരിക്കേണ്ടതാണ്. എന്നാൽ ഉത്തരവാദിത്വബോധംവന്നുകഴിഞ്ഞാൽ പുറമേയുള്ള ഈ നിയന്ത്രണത്തിൽനിന്നും വേർപെട്ട്, നമ്മുടെ സ്വന്തം മനസ്സാക്ഷി വഴിയായിട്ടുള്ള ദൈവനിയന്ത്രണത്തിൽപ്പെടേണ്ടതു് മനുഷ്യവർഗ്ഗത്തിനും പ്രത്യേകം നമുക്കോരോരുത്തർക്കും വളരെ അവശ്യമാണ്. അങ്ങിനെയേ യഥാർത്ഥ ആത്മീയവളർച്ചയുണ്ടാവുകയുള്ളൂ.

(ശനി. ഗലാ 3, 23–29)

ദൈവമക്കൾ എന്നനിലയിൽ നമുക്കുള്ള അത്ഭുതാവഹമായ നല്വരങ്ങളെ അനുഭവിക്കാതെ വെറും ബാഹ്യാചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും വിധേയരായി ക്രിസ്തീയരായ നാം ഇരിക്കുന്നതു് എത്രയോ പരിതാപകരം. പണ്ടൊരു ഹൈന്ദവ ഗുരുവിനൊരു പൂച്ചയുണ്ടായിരുന്നു. പൂജാസമയത്ത് പൂച്ച ഓടിനടന്ന് കുഴപ്പമുണ്ടാക്കുന്നതുകൊണ്ട് എല്ലായിപ്പോഴും പൂജാസമയത്തിനുമുൻപ് ഗുരു തൻെറ പൂച്ചയെ പിടിച്ച് ഒരു തൂണിൽ കെട്ടിയിടുക പതിവായിരുന്നു. ശിഷ്യന്മാർക്ക് ഇതിൻെറ അർത്ഥം മനസ്സിലായില്ല. ഗുരുവിൻെറ കാലശേഷം ശിഷ്യന്മാരോരോരുത്തരും സ്വന്തം ആശ്രമങ്ങൾ സ്ഥാപിച്ചപ്പോൾ, ഒരു പൂച്ചയെ വാങ്ങിസ്സുണമെന്നും ദിനം പ്രതി പൂജയ്ക്കുമുൻപ് അതിനെ തൂണിൽ കെട്ടിയിട്ടിട്ടേ പൂജ ചെയ്യാവൂ എന്നുംനിയമമുണ്ടാക്കിയെന്ന് കേട്ടിട്ടുണ്ട്. ഇങ്ങനെയാണ് ബാഹ്യാചാരങ്ങളുടെ പോക്ക്.

പ്രായം വരുന്നതുവരെ ചിലപ്പോൾ കാരണംപോലും ചോദിക്കാതെ വേലക്കാരൻപറയുന്നതുപോലെ കേട്ട് നമുക്ക് നടക്കേണ്ടിവരും. എന്നാൽ ക്രിസ്തീയ സഭയുടെ അംഗങ്ങളായ നാം നിയമമാകുന്ന വേലക്കാരൻെറ കീഴിലിരിക്കേണ്ടിയവരല്ലാ.നാം നമ്മുടെ രക്ഷയ്ക്ക് സ്വജീവനെ ബലിയായർപ്പിച്ച നാഥൻെറ പുത്രന്മാരാകുന്നു. നമ്മുടെ പിതാവുമായി നാമോരോരുത്തരും യഥാർത്ഥമായ അന്യോന്യബന്ധം സ്ഥാപിച്ച് അതിൽ വളർന്നുവന്നെങ്കിൽ മാത്രമേ നമുക്ക് വ്യക്തിപരമായും സഭയ്ക്ക് പൊതുവിലും പുതിയ ജീവനുണ്ടാവുകയുള്ളൂ.

---

(5—ാം പേജിൽനിന്നു തുടർച്ച)

ലേയ്ക്കു ഉയർത്തുകയുള്ളുവെന്നു നാം ശഠിക്കുന്നതുമൂലം ഇടവകകൾ വഴിയായും ഈന്യൂനത പരിഹരിക്കപ്പെടുന്നില്ല.

വേദപുസ്തകം പഠിക്കുവാൻ യഥാർത്ഥമായി ആഗ്രഹിക്കുന്ന അക്രൈസ്തവരോടു ഒരുകാര്യം നാം തുറന്നു പറയണം. പുതിയനിയമം വെറുമൊരു ചരിത്രരേഖ മാത്രമല്ല. അതിനു സജ്ജീവമായ ഒരു സന്ദേശം ലോകത്തിനു നൽകുവാനുണ്ട്. ഈ സന്ദേശം പ്രസിദ്ധമാക്കേണ്ടതു് ഈ പുസ്തകത്തിൻെറ ഗ്രന്ഥകാരന്മാരുടെ അഖണ്ഡമായ പാരമ്പര്യത്തിൽ ഇന്നും സ്ഥിതിചെയ്യുന്ന ഒരു സമുദായമാണ്. യേശുക്രിസ്തുവനെ ബഹുമാനിക്കുവാനും തൻെറ ഉപദേശത്തിനനുസരണമായി നമ്മുടെ ജീവിതത്തെ ക്രമീകരിക്കുവാനും മാത്രമല്ല വേദപുസ്തകം ആഹ്വാനം നൽകുന്നതു്. പ്രത്യുത വ്യക്തിപരമായി നാം വിശ്വാസംഏറ്റുപറയുകയും തന്നിൽവിശ്വസിക്കുന്നവരുടെ കൂട്ടായ്മയായ സഭയിൽ ഉൾപ്പെടുന്ന നമ്മുടെ ഭാവിജീവിതം നയിക്കുവാൻ തീരുമാനിക്കുകയും ചെയ്യണം. അപ്പോൾ വേദപുസ്തകത്തിൻെറ അർത്ഥം ശരിയായി മനസ്സിലാക്കുവാനും നമ്മുടെ ജീവിതത്തിൽ അതിനുള്ള യഥാർത്ഥമായ സ്ഥാനം മനസ്സിലാക്കുവാനും നമുക്കു കഴിയും.

ചോദ്യങ്ങൾ.

1. വേദപുസ്തകം വ്യാഖ്യാനിക്കുവാൻ വ്യക്തികൾക്ക് അവകാശമുണ്ടോ?

2. വേദപുസ്തകം സഭ സൃഷ്ടിക്കുകയാണോ ചെയ്തതു്.? അതോ പരിശുദ്ധാത്മ പ്രേരണയാൽ എഴുതപ്പെട്ട ചില പുസ്തകങ്ങളെ സഭ സ്വീകരിക്കുക മാത്രമേ ചെയ്തുള്ളോ?

രക്ഷ പ്രാപിക്കുവാൻ സഭ അത്യാവശ്യമാണോ? വേദപുസ്തകത്തിലെ ധാർമ്മികപ്രമാണങ്ങളനുസരിച്ചു ജീവിച്ചാൽ പോരേ?

**Punnathra Tile Works Kottayam.**
ETTUMANOOR A. O.

**പുന്നത്ര ഓട്ടു കമ്പനി**

മേൽത്തരം മേച്ചിലോടുകൾ മൂലയോടുകൾ, തറയോടുകൾ, കണ്ണാടിയോടുകൾ, പുകയോടുകൾ, ചുടുകട്ടകൾ, ഇഷ്ടികകൾ പൂച്ചട്ടികൾ

OUR SURKI POWDER A SPECILITY.

For further particulars please write to:

P. A. POONNEN, Palampadam, Kottayam. or The Manager, Punnathra Tile Works Ettumanoor A. O.

# വെല്ലൂർ ഇടവക

(സി. ഈ. ജി.)

ഞാൻ വെല്ലൂർ എത്തി താമസമാക്കിയിട്ട അന്നു നാലഞ്ചു ദിവസങ്ങളേ ആയിരുന്നുള്ളു. ആ അവസരത്തിൽ മദ്ധ്യതിരുവിതാംകൂർദേശീയനും സി. എസ്. ഐ. സഭാംഗവുമായ ഒരു മാന്യൻ ക്രിസ്ത്യൻ മിഷ്യൻ ആശുപത്രി ചികിത്സയിലിരിക്കവേ ചരമമടഞ്ഞതിനാൽ അദ്ദേഹത്തിന്റെ ശവസംസ്കാരത്തിൽ ഞാനും സംബന്ധിക്കുന്നതിനിടയായി. സെമിത്തേരിയിൽ എത്തിയപ്പോൾ എന്റെ ശ്രദ്ധയെ പ്രധാനമായി ആകർഷിച്ചതു് വെല്ലൂർ ക്രിസ്ത്യൻ മിഷ്യൻ ആശുപത്രി സ്ഥാപകയായ ഐഡാസ്കഡർ മദാമ്മയുടെ കുടുംബനാമധേയം ലേഖനം ചെയ്തിട്ടുള്ള പല ശവകുടീരങ്ങളായിരുന്നു. ഞാൻ അത്ഭുതപ്പെട്ടു. അമേരിക്കയിൽനിന്നു ഇൻഡ്യയിലെത്തി കഴിഞ്ഞ അൻപതിൽപരം വർഷങ്ങളായി പ്രശസ്തനിലയിൽ ആതുരസേവനം നടത്തിയിട്ടുള്ള ആ മഹതിയുടെ കുടുംബത്തിൽ നിന്നു് തന്നെ ഇത്രയധികം പേർ ദക്ഷിണേൻഡ്യയിൽ പോലും സുപരിചിതമല്ലാത്ത ഈ ചെറു നഗരത്തിൽ മിഷ്യനറിമാരായി സേവനം അനുഷ്ഠിച്ചു് ചരമമടഞ്ഞിട്ടുണ്ടോ? ഞാൻ എന്നോടുതന്നെ ചോദിച്ചു. ജിജ്ഞാസാഭരിതനായ എനിക്കു് അന്നു് സമയദൗർലഭ്യത്താൽ ആ ശവകുടീരങ്ങൾ ചുറ്റി നടന്നു കാണുവാൻ സൗകര്യം ലഭിച്ചില്ല. സൗകര്യമുള്ള മറ്റൊരു ദിവസം ഞാൻ വീണ്ടും അവിടെപോയി സ്കഡർ നാമധേയം വഹിക്കുന്ന ഏഴു ശവകുടീരങ്ങൾ ഞാൻ അവിടെ കണ്ടു. അപ്പോഴാണു് ഏതാണ്ടു് ഭൂലോകപ്രസിദ്ധയായിത്തീർന്നിട്ടുള്ള ആ ആതുരാലയസ്ഥാപകയുടെ ജീവിതചരിത്രത്തിലെ ഒരു ഭാഗം എന്റെ സ്മൃതിപഥത്തിലുയർന്നു വന്നതു്. അതേ, അമേരിക്കൻ ഐക്യനാടുകളിൽനിന്നു് മിഷ്യനറിമാരായി വിദൂരദേശങ്ങളിൽ പോയി ചരമമടഞ്ഞിട്ടുള്ള സ്കഡർ കുടുംബാംഗങ്ങളുടെ സംഖ്യ എൺപതിലധികം വരും പോലും! ആ വസ്തുത എന്റെ മനസ്സിൽ ഒരു പ്രശ്നമാണെന്നയിച്ചതു്. അപ്പോസ്തലനാൽ സ്ഥാപിതവും രണ്ടായിരം കൊല്ലത്തെ ചരിത്രവുമുള്ളതും അപ്പോസ്തോലിക വിശ്വാസം അണുവിട വ്യത്യാസംകൂടാതെ പാലിച്ചിട്ടുണ്ടെന്നു് അഭിമാനിക്കുന്നതുമായ മലങ്കരസുറിയാനി സഭയിൽനിന്നു് എത്ര മിഷ്യനറിമാർ ഈ രണ്ടായിരം വർഷത്തിനുള്ളിൽ എഴുന്നേറ്റിട്ടുണ്ടാവാം? അവരിൽ എത്ര പേർ തിരു:കൊച്ചിക്കു പുറത്തുപോയി സേവനമനുഷ്ഠിച്ചു് ചരമമടഞ്ഞിട്ടുണ്ടു്?. പ്രസ്തുത ചോദ്യത്തിന്റെ രണ്ടാംഭാഗത്തിനു ഉത്തരം കണ്ടുപിടിക്കുവാൻ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കേണ്ട ആവശ്യമില്ല. എൺപതുമില്ല, ഏഴുമില്ല. ഒന്നെങ്കിലുമുണ്ടോ? സർവജ്ഞാനിയായ ദൈവം മാത്രമറിയുന്നു.

ഇവിടെ ഒരു വസ്തുതകൂടെ സ്മരിക്കേണ്ടതുണ്ടു്. അമേരിക്കൻ ഐക്യനാടുകളിൽ പാശ്ചാത്യർ കുടിയേറിപ്പാർക്കുകയും അങ്ങനെ ആ രാജ്യം ഒരു ക്രൈസ്തവരാജ്യമായി രൂപാന്തരപ്പെടുകയും ചെയ്തിട്ട നാലു ശതാബ്ദങ്ങൾ ഇനിയും തികഞ്ഞിട്ടില്ല. അതിനോടിടയ്ക്കാണു് ഒരു കുടുംബത്തിൽനിന്നും തന്നെ ഇത്രയധികം പേർ മിഷ്യനറിമാരായി വിദേശങ്ങളിൽപോയി ചരമമടഞ്ഞിട്ടുള്ളതു്. രണ്ടായിരം കൊല്ലത്തെ ചരിത്രം അവകാശപ്പെടുന്ന ഒരു സഭയിൽനിന്നു് ആ ഒരു കുടുംബത്തോടു താരതമ്യപ്പെടുത്തത്തക്കവിധത്തിൽ പോലും മിഷ്യനറിമാർ ഉണ്ടായിട്ടില്ലെന്നുള്ളതു് ഏതൊരു സഭാംഗത്തെക്കൊണ്ടും ചിന്തിപ്പിക്കേണ്ട പ്രശ്നമല്ലേ?

വെല്ലൂർ ഇടവകയെപ്പറ്റി എഴുതുവാൻ തുടങ്ങിയ ഞാൻ ശാഖാചംക്രമണം ചെയ്യുന്നു എന്നു് അനുവാചകരിൽ ആരെങ്കിലും ശങ്കിക്കുന്നു എങ്കിൽ എനിക്കു പറ്റിയ പ്രമാദത്തിനു ക്ഷമാപണം ചെയ്തുകൊള്ളുന്നു. എങ്കിലും മേൽ ഉന്നീതമായ പ്രശ്നം ചിന്താവിഷയമാക്കേണ്ട ഒന്നുതന്നെയാണെന്നാണു് എന്റെ പക്ഷം.

വെല്ലൂർ എത്തി താമസിച്ചുവരുന്ന (ചികിത്സാർത്ഥവും അഭ്യസനാർത്ഥവും ജോലി സംബന്ധിച്ചും) സഭാംഗങ്ങളുടെ ആത്മീയ ആവശ്യങ്ങൾ നിവ്വഹിച്ചുകൊടുക്കുന്നതിനു്, വിദേശ ഇടവകയുടെ ചുമതല വഹിക്കുന്ന മാർ തേവോദോസ്യോസ്സ് തിരുമേനിയുടെ കീഴിൽ, ബഥനി ആശ്രമസ്ഥനും നിരന്തര സഞ്ചാരിയും സേവന നിരതനുമായ ബഹു കുറിയാക്കോസ് അച്ചൻ മാസത്തിൽ ഒരു പ്രാവശ്യം വീതം വെല്ലൂർ സന്ദർശിച്ചു് വേണ്ടതു പ്രവർത്തിച്ചു തുടങ്ങിയിട്ടു് നാലഞ്ചു വർഷങ്ങളായിരിക്കുന്നു. എന്നാൽ ഒരു പട്ടക്കാരൻ സ്ഥിരമായി ഇവിടെ താമസിക്കുകയും നിരന്തരമായി ഇവിടെ വന്നുകൊണ്ടിരിക്കുന്ന രോഗികളുൾപ്പെടെ സഭാംഗങ്ങളായവരുടേയും ആത്മീയാവശ്യങ്ങൾ അന്വേഷിക്കുകയും ചെയ്യേണ്ടതു് ആവശ്യമാണെന്ന ബോധം ആഴമായിത്തീർന്നതു് പ. ബാവാ തിരുമേനി ഉൾപ്പടെ വന്ദ്യ തിരുമേനിമാരിൽ പലരും ചികിത്സാർത്ഥം ഇവിടെഎത്തി താമസമാക്കുകയും അങ്ങനെ ഇവിടുത്തെ സ്ഥിതിഗതികൾ നേരിട്ടു കണ്ടു മനസ്സിലാക്കുകയും ചെയ്തതിന്റെ ഫലമായിട്ടാണു്. തൽഫലമായിട്ടാണു് ഉദ്ദേശം മൂന്നു മാസങ്ങൾക്കു മുമ്പു് ഒരു പട്ടക്കാരനെ സ്ഥിരമായി ഇവിടേക്കു് നിയമിച്ചതും.

നമ്മുടെ സഭാംഗങ്ങളായി ഇവിടെ സ്ഥിരതാമസമാക്കിയിട്ടുള്ള നാലു കുടുംബങ്ങളുൾപ്പെടെ ഏഴു കുടുംബങ്ങൾക്കു പുറമേ അഭ്യസനാർത്ഥവും ജോലി സംബന്ധിച്ചും ഇവിടെ താമസിച്ചുവരുന്നവരുടെ സംഖ്യ തൊണ്ണൂറോളം വരും. അവരിൽ ഭൂരിഭാഗം പേരും നേഴ്സിംഗ് സംബന്ധിച്ചു് പരിശീലനത്തിനായും പരിശീലനം കഴിഞ്ഞു് ജോലിയായും ഇവിടെ താമസിച്ചു വരുന്നവരാണു്. ഈ ഒരു സമൂഹത്തിന്റെ കഴിവുകൾ എത്ര പരിമിതമായിരിക്കുമെന്നു് ഊഹിക്കാവുന്നതാണു്. ഉപജീവനാർത്ഥം തൊഴിൽ അന്വേഷിച്ചു് പത്തു നൂറു വർഷം മുമ്പു് ഇവിടെ എത്തി സ്ഥിരം താമസമാക്കിയിട്ടുള്ള നമ്മുടെ ഒരു ക്രൈസ്തവകുടുംബവുമായി പരിചയപ്പെടുവാനും എനിക്കു സൗകര്യം ലഭിച്ചു. ക്രൈസ്തവരാണെന്നറിഞ്ഞാൽ തൊഴിൽ ലഭിക്കുവാൻ പ്രയാസമുണ്ടായേക്കുമെന്നു് ഭയന്നു് ഹൈന്ദവനാമധാരികളായിട്ടാണു് അവർ ഇവിടെ എത്തി താമസം തുടങ്ങിയതു. ആദ്യഭവന നായികാനായകന്മാർ ചരമം അടഞ്ഞപ്പോൾ അവരുടെ ഹൈന്ദവത്വം പുലർത്തുവാൻ വേണ്ടി ഹൈന്ദവാചാരമനുസരിച്ചും ഹൈന്ദവ ശ്മശാനസ്ഥലത്തുമാണു് അവർ സംസ്കരിക്കപ്പെട്ടതെന്നുള്ളതു് എല്ലാ പ്രകാരത്തിലും ശോച്യമായി തോന്നുന്നു. ആ ഭവനത്തിൽ ഇന്നു ജീവിച്ചിരിക്കുന്ന നായകനും ഹൈന്ദവപേരിലാണു് പരിചിതരുടെ ഇടയിൽ അറിയപ്പെടുന്നതു്. ആ മനുഷ്യൻ തന്റെ രഹസ്യം വെളിപ്പെടാതിരിക്കുവാൻ വേണ്ടി ദേവാലയത്തിൽ പോകുവാൻ ഇഷ്ടപ്പെടുന്നില്ലെങ്കിലും ആ ഭവനനായിക വി: കുർബാനയിൽ സംബന്ധിക്കുന്നതിലും മറ്റും നിഷ്ഠയുള്ളവളായി കാണപ്പെടുന്നുണ്ടു്. ഒരു പക്ഷേ ലോകദൃഷ്ടിയിൽ അറിയപ്പെടാത്ത ഒരു മോണിക്കാ ആയി ആ മാതാവു് കടന്നു

Licence No. 498 Dated 20-8-1946 Reg. M. 5268

# THE CHURCH WEEKLY

പോകുകയില്ലെന്നു ആരറിഞ്ഞു.

എന്നാൽ തിരു:കൊച്ചിക്കു പുറത്തുള്ള പല ഇടവകകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ഇടവകയ്ക്കുള്ള ഒരു ന്യൂനത മേൽ സൂചിപ്പിച്ചതുപോലെ സ്ഥിരമായി ഒരു പട്ടക്കാരനെ പുലർത്തിക്കൊണ്ടു പോകുവാനുള്ള കഴിവ് ഇല്ലെന്നുള്ളതാണ്. ഇവിടെ നിന്നു് ലഭിക്കാവുന്ന പരമാവധി തുകയ്ക്കു പുറമേ കുറഞ്ഞതു് ആയിരം രൂപാ എങ്കിലും പ്രതിവർഷം ഉണ്ടാകയെങ്കിലേ ഇപ്പോഴത്തെ നിലയിൽ ഒരു പട്ടക്കാരനെ പുലർത്തിക്കൊണ്ടു പോകുവാൻ സാധ്യമാകുകയുള്ളൂ. പ്രതിവർഷം ഇരുപതു് രൂപാ വീതം സംഭാവന ചെയ്യുവാൻ കഴിവും സന്മനസ്സുമുള്ള അൻപതു് വ്യക്തികളോ ഇടവകകളോ ഈ ഉത്തരവാദിത്വം ഏറ്റെടുക്കുമെങ്കിൽ ഈ പ്രശ്നം നിഷ്പ്രയാസം പരിഹൃതമാകുമായിരുന്നു. എന്നാൽ അതിനെത്ര ഇടവകകളും വ്യക്തികളും, തയ്യാറാകുമെന്നുള്ളതാണ് അറിയേണ്ടതു്. നല്ലകാര്യങ്ങൾക്കു് നിർല്ലോഭം സഹായഹസ്തം നീട്ടിക്കൊടുക്കുന്ന ചില ഇടവകകളുടെയും വ്യക്തികളുടെയും അനുകരണീയമായ മാതൃക ഞാൻ ഇവിടെ വിസ്മരിക്കുന്നില്ല. ഈ അവസരത്തിൽ മെഴുവേലി ഇടവകയിൽ ബഹു. എം. വി. ജോർജ്ജ് ശെമ്മാശന്റെ ഉൽസാഹത്തിലും അവിടത്തെ വികാരി അച്ചന്റെ മേൽനോട്ടത്തിലും ആ ഇടവകയിൽ ഒരു ദിവസം നടത്തിയ കാണിക്കശേഖരം ഇനത്തിൽ പിരിഞ്ഞുകിട്ടിയ ഇരുപതോളം രൂപാ അടുത്ത ദിവസം, ഇവിടെ അയച്ചുതന്നതു് നന്ദിപുരസ്സരം കൈപ്പറ്റിയിരിക്കുന്ന വിവരം പ്രസ്താവ്യമാകുന്നു. അതു പോലെതന്നെ ഈ ഇടവകയോടു് ഏറ്റവും സമീപസ്ഥിരമായ മദ്രാസ് ഇടവക കേന്ദ്രമായി രൂപീകൃതമായിട്ടുള്ള ഇൻഡ്യൻ ഓർത്തഡോക്സ് മിഷ്യനിൽ നിന്നു് കഴിഞ്ഞ പല വർഷങ്ങളായി ലഭിച്ചുകൊണ്ടിരുന്നിട്ടുള്ള സഹായഹസ്തവും കൃതജ്ഞതാപുരസ്സരം സ്മരിക്കേണ്ടതാണു്.

സ്ഥലത്തു് അപരിചിതരായ സഭാംഗങ്ങൾ നമ്മുടെ ദേവാലയം എവിടെയാണെന്നു് അറിയുക സഹജമാത്രേ. തിരു:കൊച്ചിക്കു പുറത്തുള്ള മിക്കവാറും നഗരങ്ങളിലെന്ന പോലെ ഇവിടെയും ഇതരസഭകളുടെ സന്മനസ്സിനെ ആശ്രയിച്ചാണ് വി. കുർബാനയും മറ്റും മുടങ്ങാതെ നടത്തിക്കൊണ്ടു പോകുവാൻ നമുക്കു സാധിക്കുന്നതു്. ഇത്ര വിപുലമായ തോതിൽ ഇതര സഭകളുടെ സൗമനസ്യത്തെയും സൗജന്യത്തെയും ഉപജീവിച്ചു കഴിയുന്ന നാം നമ്മുടെ ഒരു ദേവാലയം എന്തെങ്കിലും ഇതര സഭാംഗങ്ങളുടെ ഉപയോഗത്തിനു് ക്രമമായിട്ടോ ഒരു ദിവസത്തേക്കു പോലുമോ വിട്ടുകൊടുക്കണമെന്നാവശ്യപ്പെട്ടാൽ എന്തു ചെയ്യുമായിരിക്കുമോ? അതു് പ്രവചിക്കുവാൻ ഒരു ദീർഘദർശി എഴുന്നേൽക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

പ. ബാവാ തിരുമേനിയുടെയും സഭാസ്നേഹികളായ പലരുടെയും സഹായത്താൽ ഒരു ദേവാലയത്തിൽ നിത്യോപയോഗത്തിനാവശ്യമുള്ള സാധനസാമഗ്രികൾ മിക്കവാറും എല്ലാംതന്നെ ഇവിടെ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടു്. ഇനിയുമുള്ള ഒരാവശ്യം ഒരു ദേവാലയം തീരുകയെന്നുള്ളതാണ്. ഈ നഗരത്തിൽ പ്രത്യേകിച്ചു മിഷ്യൻ ആശുപത്രിയോടു സമീപിച്ചു ദേവാലയത്തിനാവശ്യമായ സ്ഥലവും കെട്ടിടങ്ങളും ഉണ്ടാകുന്നതിനു് ഇരുപത്തിഅയ്യായിരം രൂപായോളം വേണ്ടിവരുമെന്നു തോന്നുന്നു. അതിൽ സ്ഥലത്തിനാവശ്യമായ ഏഴെണ്ണായിരം രൂപാ ഉണ്ടായിക്കഴിഞ്ഞാൽ ശേഷം കാര്യങ്ങൾ വലിയ ക്ലേശം കൂടാതെ സാധിക്കാമെന്നും അതും സാധിരമായി കഴിഞ്ഞാൽ ഒരു സ്ഥിരപട്ടക്കാരനെ പുലർത്തിക്കൊണ്ടുപോകുവാനുള്ള മാർഗ്ഗങ്ങൾ ഇവിടെത്തന്നെ ഉണ്ടാകുമെന്നാണ് ഇവിടെയുള്ള സഭാംഗങ്ങളുടെ പ്രതീക്ഷയും വിശ്വാസവും. അതേപ്പറ്റിയുള്ള വിശദാംശങ്ങളും പ്രസ്താവാർഹമായ മറ്റു പല കാര്യങ്ങളും ലേഖനദൈർഘ്യത്തെ ഭയന്നു മറ്റൊരവസരത്തിലേക്കു നീട്ടിവച്ചും, വെല്ലൂരിടവകയും അവിടത്തെ പ്രവർത്തനങ്ങളും സഭാംഗങ്ങളായ ഏവരുടെയും പ്രാർത്ഥനാപൂർവമുള്ള സഹകരണസഹായങ്ങൾക്കു സമർപ്പിച്ചുകൊണ്ടും ഈ ലേഖനം ഉപസംഹരിച്ചുകൊള്ളട്ടെ.

## ചർച്ച് വീക്ക്ലി വരിസംഖ്യ

(എപ്പോഴും മുൻകൂർ)

| | രൂ. | ണ. | പൈ. |
|---|---|---|---|
| ഒരു വർഷത്തേക്ക് | 6 | 0 | 0 |
| ആറു മാസത്തേക്ക് | 3 | 0 | 0 |
| ഒറ്റപ്രതി | 0 | 2 | 0 |
| ഇൻഡ്യയ്ക്കു വെളിയിൽ | 8 | 0 | 0 |

India's Largest Composite Insurance Company

Chairman: A. D. SHROFF, Esq.

Vice-Chairman: J. R. D. Tata, Esq.,

★

**New India Assurance Co. Ltd,.**

**H. O. BOMBAY.**

West Coast Branch: Ernakulam

Sub Offices: Trivandrum, Alleppey, Calicut, Mangalore, Coimbatore & Madura.

Printed and Published by N. M. Abraham B. A. at the Malayala Manorama Press, Kottayam